ഭരണഭാഷ - മാതൃഭാഷ

**മേലെഴുത്ത് C3/12349/23/DTEതീയതി31.10.2023**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ പോളിടെക്നിക് കോളേജ് കലോൽസവം മാന്വൽ 17.10.2023 ലെ സ.ഉ.(സാധാ) നം.1533/2023/HEDN നമ്പർ പ്രകാരം അംഗീകരിച്ച് സർക്കാർ ഉത്തരവായിരിക്കുന്നു പ്രസ്തുത സർക്കാർ ഉത്തരവ് തുടർ നടപടികൾക്കായി ഉള്ളടക്കം ചെയ്യുന്നു.

Dr.
Ramachandran M
Senior Joint Director (PS)

പകർപ്പ്:

1. എല്ലാ പോളിടെക്നിക് കോളേജ് പ്രിൻസിപ്പൽമാർക്കും
2. കരുതൽ ശേഖരം / ഫയൽ

**Approval Valid**

Digitally Approved By
Dr. Ramachandran M
Date: 31.10.2023
Reason: Approved

The document is digitally approved. Hence signature is not needed.

Draft #4 of File C3/12349/23/DTE Approved by Senior Joint Director (PS) on 31-Oct-2023 10:32 AM - Page 1

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - സാങ്കേതിക വിദ്യാഭ്യാസം - കേരള പോളിടെക്നിക്ക് കോളേജ് കലോത്സവ മാന്വൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എൽ) വകുപ്പ്**

സ.ഉ.(സാധാ) നം.1533/2023/HEDN തീയതി,തിരുവനന്തപുരം, 17-10-2023

---

പരാമർശം:- സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 08/09/2023 തീയതിയിലെ സി3/12349/21/ഡി.റ്റി.ഇ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പരാമർശക്കത്ത് പ്രകാരം കേരള പോളിടെക്നിക്ക് കോളേജ് കലോത്സവ മാന്വൽ അംഗീകാരത്തിനായി സർക്കാരിൽ സമർപ്പിച്ചിരുന്നു. സർക്കാർ ടി വിഷയം വിശദമായി പരിശോധിച്ചു സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ കേരള പോളിടെക്നിക്ക് കോളേജ് കലോത്സവ മാന്വൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സി അജയൻ
അഡിഷണൽ സെക്രട്ടറി

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

എല്ലാ പ്രിൻസിപ്പൽമാർക്കും (സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മുഖേന )

ജോയിന്റ് ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിംഗ് കളമശ്ശേരി

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ)

www.highereducation.kerala.gov.in

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #4 of File C3/12349/23/DTE Approved by Senior Joint Director (PS) on 31-Oct-2023 10:32 AM - Page 2

44014/23

സ.ഉ.(സാധാ) നം.1533/2023/HEDN

OFFICE OF THE DIRECTOR OF TECHNICAL EDUCATION
19 OCT 2023
150 YEARS OF CELEBRATING THE MAHATMA
THIRUVANANTHAPURAM

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ഉന്നത വിദ്യാഭ്യാസ വകുപ്പ് - സാങ്കേതിക വിദ്യാഭ്യാസം - കേരള പോളിടെക്നിക്ക് കോളേജ് കലോത്സവ മാന്വൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉന്നത വിദ്യാഭ്യാസ (എൽ) വകുപ്പ്

സ.ഉ.(സാധാ) നം.1533/2023/HEDN തീയതി,തിരുവനന്തപുരം, 17-10-2023

---

പരാമർശം:- സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 08/09/2023 തീയതിയിലെ സി3/12349/21/ഡി.റ്റി.ഇ നമ്പർ കത്ത്

ഉത്തരവ്

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പരാമർശക്കത്ത് പ്രകാരം കേരള പോളിടെക്നിക്ക് കോളേജ് കലോത്സവ മാന്വൽ അംഗീകാരത്തിനായി സർക്കാരിൽ സമർപ്പിച്ചിരുന്നു. സർക്കാർ ടി വിഷയം വിശദമായി പരിശോധിച്ച സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ കേരള പോളിടെക്നിക്ക് കോളേജ് കലോത്സവ മാന്വൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സി അജയൻ
അഡിഷണൽ സെക്രട്ടറി

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

എല്ലാ പ്രിൻസിപ്പൽമാർക്കും (സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മുഖേന )

ജോയിന്റ് ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിംഗ് കളമശ്ശേരി

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ)

www.highereducation.kerala.gov.in

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Geetha Lekshmi G
Date: 17-10-2023 17:34:58
സെക്ഷൻ ഓഫീസർ

# കേരളാ പോളിടെക്നിക് കോളേജ്

## കലോത്സവം

# മാനുവൽ

# കേരളാ പോളിടെക്നിക്ക് കോളേജ് കലോത്സവം

## മാനുവൽ

## മുഖവുര

കേരളത്തിലെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള പോളിടെക്നിക്ക് കോളേജുകളിലെ വിദ്യാർത്ഥികളുടെ കലാപരമായ കഴിവുകൾ തിരിച്ചറിയുകയും കലാകാരൻമാരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിനായി ഓരോ വർഷവും നടത്തുന്ന കലോത്സവത്തെ കുറ്റമറ്റതാക്കുന്നനതിനോടൊപ്പം വിധിനിർണ്ണയം വസ്തുനിഷ്ഠാക്കു ന്നതിനും കലാസാഹിത്യരംഗത്തെ സമർത്ഥരായ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനും ഉദ്ദേശിച്ച് തയ്യാറാ ക്കിയ ഈ നിയമാവലി കേരളാ പോളിടെക്നിക്ക് കോളേജ് കലോത്സവ മാനുവൽ എന്ന പേരിൽ അറിയപ്പെടും.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ വരുന്ന സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ് പോളി ടെക്നിക്ക് കോളേജുകളിലെ കലോത്സവമായ കേരളാ പോളിടെക്നിക്ക് കോളേജ് കലോത്സവം താഴെ പറയുന്ന 2 തലങ്ങളിലായിട്ടാണ് നടത്തുന്നത്.

2 തലങ്ങളിലുമായി നടത്തുന്ന കലോത്സവത്തിലെ എല്ലാ ഇനങ്ങൾക്കും ഈ മാനുവലിലെ നിബന്ധനകൾ ബാധക മായിരിക്കും.

1) കോളേജുതലം

2) സംസ്ഥാനതലം

മത്സര ഫലങ്ങളെ മാർക്കിന്റെ അടിസ്ഥാനത്തിൽ എ, ബി, സി എന്നീ മൂന്ന് ഗ്രേഡുകളായി തിരിച്ചിട്ടുണ്ട്. മത്സരങ്ങളിൽ 50 ത്തിൽ താഴെ മാർക്കു ലഭിക്കുന്ന എനങ്ങളെ ഗ്രേഡു ചെയ്യുന്നതല്ല. ഓരോ ഗ്രേഡിനും താഴെ കാണുന്ന വിധം പോയിന്റ് ലഭിക്കും.

| ഗ്രേഡ് | മാർക്ക് (ശതമാനം) | ലഭിക്കുന്ന പോയിന്റ് (സിംഗിൾ) | ലഭിക്കുന്ന പോയിന്റ് (ഗ്രൂപ്പ്) |
|---|---|---|---|
| എ | 50 മുതൽ 59 വരെ | 5 | 10 |
| ബി | 60 മുതൽ 69 വരെ | 3 | 6 |
| സി | 70 മോ അതിലധികമോ | 1 | 2 |

സംസ്ഥാന കലോത്സവത്തിൽ ലഭിക്കുന്ന എ ഗ്രേഡ്, ബി ഗ്രേഡ്, സി ഗ്രേഡ് എന്നിവക്ക് ആ വർഷത്തെ ഈവൻ സെമസ്റ്റർ പരീക്ഷയുടെ പരമാവധി മാർക്കിന്റെ 5 , 3 , 2 എന്നിങ്ങനെ ഈവൻ സെമസ്റ്റർ പരീക്ഷക്ക് ഗ്രേസ് മാർക്ക് ലഭിക്കുന്നതാണ്. ഒന്നിൽ കൂടുതൽ ഇനങ്ങളിൽ എ/ബിസി ഗ്രേഡുകൾ ലഭിക്കുകയാണെങ്കിൽ വിദ്യാർത്ഥിക്ക് എറ്റവും പ്രയോജനം ചെയ്യുന്ന ഒരു ഗ്രേഡു മാത്രമേ ഗ്രേസ് മാർക്കിന് പരിഗണിക്കുകയുള്ളൂ.

സംസ്ഥാനതല മത്സരത്തിൽ വ്യക്തിഗതമായി ടോപ്പ് സ്കോർ നേടുന്ന 3 വിദ്യാർത്ഥികൾക്ക് 5000, 3000, 2000 രൂപാ ക്രമത്തിൽ പ്രൈസ്മണി നൽകുന്നതാണ്.

സംസ്ഥാന കലോത്സവങ്ങളുടെ ചെലവ് പോളിടെക്നിക്ക് കോളേജുകളിൽ നിന്നും ലഭിക്കുന്ന കലോത്സവ ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്. പൊതുജനങ്ങളിൽനിന്നും സംഭാവനയായും തിക

സ്വീകരിക്കുവുന്നതാണ്. ഇങ്ങനെ സംഭാവനയായി ലഭിക്കുന്ന തുകയും കോളേജുകളിൽനിന്നും ലഭിക്കുന്ന തുകയും അതാത് കലോത്സവ കൺവീന റുടെയും ട്രഷററുടെയും പേരിൽ ഒരു ദേശാൽകൃത ബാങ്കിൽ നിക്ഷേപിക്കേണ്ടതാണ്. ആവശ്യമായ ചെലവ് അനു സരിച്ച് തുക പിൻവലിക്കാവുന്നതാണ്.

## കലോത്സവം നടത്തിപ്പ്

മത്സരങ്ങൾ

ഒരു മത്സരാർത്ഥി വ്യക്തിഗത ഇനത്തിൽ പരമാവധി നാല് ഇനങ്ങളിലും ഗ്രൂപ്പിനങ്ങളിൽ രണ്ട് എണ്ണത്തിലും മാത്രമേ മത്സരിക്കാൻ പാടുള്ളൂ.

മത്സരങ്ങളെ പതിനൊന്ന് വിഭാഗങ്ങളായി തരം തിരിച്ചിരിക്കുന്നു. മത്സരങ്ങളുടെ പട്ടിക അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. വിജയികളെ നിശ്ചയിക്കുന്നതിനുള്ള മത്സര നിർണ്ണയ ഉപാധികൾ അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്.

## കോളേജ് തലം

1. എല്ലാ വർഷവും ഡിസംബർ മാസത്തിൽ കോളേജുതല കലോൽസവം നടത്തേണ്ടതാണ്.

2. കലോൽസവം ഒരു പൊതു ചടങ്ങായി നടത്തേണ്ടതും ഇതിന്റെ നടത്തിപ്പിനായി വിദ്യാർത്ഥി യൂണിയൻ പ്രതിനിധികൾ, അധ്യാപകർ, രക്ഷാകർത്താക്കളുടെ പ്രതിനിധികൾ എന്നിവരെ ചേർത്ത് ഒരു കമ്മിറ്റി രൂപി കരിക്കേണ്ടതാണ്. പ്രൻസിപ്പാൾ രക്ഷാധികാരിയായും സ്റ്റാഫ് അഡ്വൈസർ ചെയർമാനായും, അർട്ട് ക്ലബ്ബ് സെക്രട്ടറി കൺവീനറായും കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

3. മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് പ്രവേശന ഫീസ് ഈടാക്കാൻ പാടുള്ളതല്ല.

4. കലോൽസവ നടത്തിപ്പിന്റെ കമ്മിറ്റിയുമായി ആലോചിച്ച് ഓരോ മത്സരവും വിലയിരുത്തുന്നതിന് അതാത് കലകളിൽ പ്രാവീണ്യമുള്ളവരെ വിധി കർത്താക്കളായി കലോത്സവ നടത്തിപ്പ് ചെയർമാനും, കൺവീനറും കൂടി തീരുമാനിച്ച് നിയമിക്കേണ്ടതാണ്.

5. ഓരോ വ്യക്തിഗത/ഗ്രൂപ്പ് മത്സരങ്ങളിലേയും എ ഗ്രേഡ് ലഭിച്ച് ഒന്നാം സ്ഥാനം ലഭിച്ചവർക്ക് മാത്രമേ

സംസ്ഥാന മത്സരത്തിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളു.

## സംസ്ഥാനതലം

6.1 എല്ലാ വർഷവും ജനുവരി മാസത്തിൽ നടത്തേണ്ടതാണ്.

6.2 കലോത്സവ നടത്തിപ്പിന്റെ കമ്മിറ്റിയുമായി ആലോചിച്ച് ഓരോ മത്സരവും വിലയിരുത്തുന്നതിന് അതാത് കലകളിൽ പ്രാവീണ്യമുള്ളവരെ വിധികർത്താക്കളായി കലോത്സവ നടത്തിപ്പ് ചെയർമാനും കൺവീനറും കൂടി തീരുമാനിച്ച് നിയമിക്കേണ്ടതാണ്.

6.3 സാങ്കേതിക വിദ്യാഭ്യാസ മേഖലാ കാര്യാലയം ജോയിന്റ് ഡയറക്ടർമാർ, കരിക്കുലം ഡവലപ്പമെന്റ് സെന്റർ

ജോയിന്റ് ഡയറക്ടർ സംസ്ഥാന പോളിടെക്നിക്ക് യൂണിയൻ എക്സിക്യൂട്ടീവ് ട്രഷറർ, മറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ, കലോത്സവം നടത്തുവാനായി തെരഞ്ഞെടുക്കുന്ന പോളിടെക്നിക്ക് കോളേജിലെയും സമീപത്തുള്ള പോളിടെക്നിക്ക് കോളേജിലേയും പ്രിൻസിപ്പാൾമാർ എന്നിവർ മെമ്പർമാർ ആയിരിക്കണം. സംസ്ഥാന കലോത്സവത്തിന്റെ പൂർണ്ണ ഉത്തരവാദിത്വം വഹിക്കുന്നത് ഈ കമ്മിറ്റിയാണ്. കലോത്സവ നടത്തിപ്പിനായി ബഡ്ജറ്റ് തയ്യാറാക്കുന്നതും വിവിധ കമ്മിറ്റികൾക്കാവശ്യമായ തുക അനുവദിക്കുന്നതും ഈ കമ്മിറ്റിയാണ്.

6.4 കലോത്സവം കഴിഞ്ഞതിനു ശേഷം കൺവീനർ തയ്യാറാക്കുന്ന വരവ് ചെലവ് കണക്കുകളും ചാർട്ടേർഡ്

അക്കൗണ്ടന്റിന്റെ ഓഡിറ്റ് റിപ്പോർട്ട് ചർച്ച ചെയ്ത് അംഗീകരിച്ച് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് ഒരു മാസത്തിനകം സമർപ്പിക്കേണ്ടത് ഈ സമിതിയുടെ ചുമതലയാണ്. വിവിധ കമ്മിറ്റികളുടെ പ്രവർത്തനം എകോപിപ്പിക്കുന്നതും കാര്യക്ഷമമാക്കുന്നതും ഈ കമ്മിറ്റിയുടെ മുഖ്യകർത്തവ്യമാണ്.

6.5 കലോത്സവത്തിന്റെ ഫലപ്രദമായ നടത്തിപ്പിനായി വിവിധ സബ് കമ്മിറ്റികൾ ഉണ്ടായിരിക്കും. അവയുടെ ചെയർമാൻ കാലോത്സവം നടക്കുന്ന പോളിടെക്നിക്ക് കോളേജിന്റെ പ്രദേശത്തുള്ള ജനപ്രതിനിധി കൾ/പൗരപ്രമുഖർ ആയിരിക്കണം. കൺവീനർമാർ കലോത്സവം നടക്കുന്ന സ്ഥാപനത്തിലെ/സമീപ ജന്മ പോളിടെക്നിക്ക് കോളേജിലെ അദ്ധ്യാപകരും, ജോയിന്റ് കൺവീനർമാർ കേരള പോളിടെക്നിക്ക് കോളേജ് യൂണിയൻ അംഗങ്ങളും ആയിരിക്കണം.

6.6 സംസ്ഥാന തല മത്സരം ഗ്രൂപ്പ് 9 ലെ നാടകം, നാടകോത്സവം എന്ന പേരിൽ വേരെ ഒരു വേദിയിൽ മറ്റോരു തിയ്യതിയിൽ വെച്ച് നടത്തുന്നതായിരിക്കും

കമ്മിറ്റി മെമ്പർമാരായി വിവിധ സാംസ്ക്കാരികസാമൂഹിക സംഘടനാ നേതാക്കൻമാർ, സ്ഥലത്തെ രാഷ്ട്രീയ പ്രതിനിധികൾ, സംസ്ഥാന വിദ്യാർത്ഥി യൂണിയൻ നേതാക്കൾ, രക്ഷാകർത്ത പ്രതിനിധികൾ എന്നിവർ അംഗങ്ങളായിരിക്കും.

## സംസ്ഥാന തലം

സംസ്ഥാന കലോത്സവ നടത്തിപ്പിനായി ഒരു ഓർഗനൈസിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. അതിന്റെ ഘടന താഴെ പറയുന്ന പ്രകാരമായിരിക്കും.

| | |
|---|---|
| 1. സീനിയർ ജോയിന്റ് ഡയറക്ടർ (പി. എസ്സ്) | ചെയർമാൻ |
| 2. സംസ്ഥാന പോളിടെക്നിക്ക് യൂണിയൻ ചെയർമാൻ | വൈസ് ചെയർമാൻ |
| 3. സംസ്ഥാന പോളിടെക്നിക്ക് യൂണിയൻ അഡ്വൈസർ | ജനറൽ കൺവീനർ |

4. സംസ്ഥാന പോളിടെക്നിക്ക് കോളേജ് യൂണിയൻ ജോയിന്റ് ജനറൽ ജനറൽ സെക്രട്ടറി കൺവീനർ

5. സാങ്കേതിക വിദ്യാഭ്യാസ മേഖല കാര്യാലയം ജോയിന്റ് ഡയറക്ടർമാർ കരിക്കുലം ഡെവലപ്മെന്റ് സെന്റർ ജോയിന്റ് ഡയറക്ടർ സംസ്ഥാന പോളിടെക്നിക്ക് കോളേജ് യൂണിയൻ എക്സിക്യൂട്ടിവ് ട്രഷറർ, മറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ, കലോത്സവം നടത്തുവാനായി തിരഞ്ഞെടുക്കുന്ന പോളിടെക്നിക് കോളേജിലേയും സമീപത്തുള്ള പോളിടെക്നിക് കോളേജിലേയും പ്രിൻസിപ്പാൾമാർ, കലോത്സവം നടത്തുന്നതിനായി തിരഞ്ഞെടുക്കുന്ന പോളിടെക്നിക്ക് കോളേജിലെ അദ്ധ്യാപകർ എന്നിവർ മെമ്പർമാരായിരിക്കണം. സംസ്ഥാന, സോണൽ കലോത്സവത്തിന്റെ പൂർണ്ണ ഉത്തരവാദിത്വം വഹിക്കുന്നത് ഈ കമ്മിറ്റിയാണ്. കലോത്സവ നടത്തിപ്പിനായി ബഡ്ജറ്റ് തയ്യാറാക്കുന്നതും വിവിധ കമ്മിറ്റികൾക്കാവശ്യമായ തുക അനുവിക്കുന്നതും ഈ കമ്മമിറ്റിയാണ്.

കലോത്സവം കഴിഞ്ഞതിനു ശേഷം ജനറൽ കൺവീനർ തയ്യാറാക്കുന്ന വരവ് ചിലവ് കണക്കുകളും ചാർട്ടേഡ് അക്കൗ ന്റിന്റെ ഓഡിറ്റ് റിപ്പോർട്ടു ചർച്ച ചെയ്ത് അംഗീകരിച്ച് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് ഒരു മാസത്തിനകം സമർപ്പിക്കേ ത് ഈ സമിതിയുടെ ചുമതലയാണ്. വിവിധ കമ്മിറ്റികളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതും കാര്യക്ഷമമാക്കുന്നതും ഈ കമ്മിറ്റിയുടെ മുഖ്യ കർത്തവ്യമാണ്.

കലോത്സവത്തിന്റെ ഫലപ്രദമായ നടത്തിപ്പിനായി വിവിധ സബ് കമ്മിറ്റികൾ ഉണ്ടായിരിക്കും.. അവയുടെ ചെയർമാൻമാർ കലോത്സവം നടക്കുന്ന പോളിടെക്നിക്ക് കോളേജിന്റെ പ്രദേശത്തുള്ള ജനപ്രതിനിധികൾ/പൗരപ്രമുഖർ ആയിരിക്കണം. കൺവീനർമാർ കലോത്സവം നടക്കുന്ന സ്ഥാപനത്തിലെ സമീപത്തുള്ള പോളി ടെക്നിക്ക് കോളേജിലെ അദ്ധ്യാപകരും, ജോയിന്റ് കൺവീനർമാർ കേരള പോളിടെക്നിക്ക് കോളേജ് യൂണിയൻ അംഗങ്ങളും ആയിരിക്കണം. കമ്മിറ്റി മെമ്പർമാരായി വിവിധ സാംസ്കാരികസാമൂഹിക സംഘടനാ നേതാക്കൻമാർ, സ്ഥലത്തെ രാഷ്ട്രീയ പ്രതിനിധികൾ, സംസ്ഥാന വിദ്യാർത്ഥി യൂണിയൻ നേതാക്കൾ, രക്ഷ കർതൃപ്രതിനിധികൾ എന്നിവർ അംഗങ്ങളായിരിക്കും.

## സബ് കമ്മിറ്റികൾ

കലോൽസവത്തിന്റെ സുഗമമായ നടത്തിപ്പിന് സംസ്ഥാനതലത്തിലും, സോണൽ തലത്തിലും രൂപീകരിക്കേണ്ട വിവിധ സബ് കമ്മിറ്റികളും അവയുടെ ചുമതലകളും അനുബന്ധം ആയി ചേർത്തിരിക്കുന്നു.

പൊതുനിബന്ധനകൾ

1. രചനാ മത്സരങ്ങൾക്ക് ആവശ്യമായ പേപ്പർ മാത്രമേ സംഘാടകർ നൽകുകയുള്ളൂ.

   മത്സരത്തിന്റെ പ്രമേയം വിധി കർത്തക്കൾ നിശ്ചയിക്കുന്നതാണ്

2. ശാസ്ത്രീയ സംഗീതത്തിന് ശ്രുതി ഉപയോഗിക്കാവുന്നതാണ്. മത്സരാർത്ഥിക്ക് ഇഷ്ടമുള്ള

   രാഗം ആലപിക്കാവുന്നതാണ്.

3. ചെണ്ട ക്ക് തായമ്പക) അനുസാരി വാദ്യങ്ങളാകാം. എന്നാൽ വിദ്യാർത്ഥികൾ തന്നെ

പങ്കെടുക്കണം (ഒരു ഇലത്താളം, രണ്ട് ഇടംതല, ഒരു വലംതല ഇങ്ങനെ നാലുപേർ ആകാം)

4. നാടോടിനൃത്തത്തിന് തെരഞ്ഞെടുക്കുന്നത് നാടൻ നൃത്തത്തിന് അനുയോജ്യമായ രൂപവും വേഷവിതാനവുമായിരിക്കണം. ആഡംബരം കഴിയുന്നതും കുറക്കണം. നാടോടിത്തനിമ കാത്തു സൂക്ഷിക്കണം.

5. നാടോടിനൃത്തം, ഭരതനാട്യം, കുച്ചുപ്പുടി, മോഹിനിയാട്ടം, സംഘനൃത്തം എന്നീ നൃത്ത ഇനങ്ങൾക്ക് പിന്നണിയിൽ റെക്കോർഡ് ചെയ്ത സി.ഡി/കാസ്റ്റ് മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ.

6. പിന്നണി അനുവദിച്ചിട്ടുള്ള ഇനങ്ങൾക്ക് പിന്നണിയിൽ അതാത് കാറ്റഗറിയിലെ

വിദ്യാർത്ഥികൾ തന്നെ ആയിരിക്കണം.

7. കഥാപ്രസംഗത്തിന് പിന്നണിയിൽ തബല അല്ലെങ്കിൽ മൃദംഗം, ഹാർമോണിയം അല്ലെങ്കിൽ ശ്രുതിപ്പെട്ടി, സിംബൽ ആന്റ് ടൈമിംഗ്, ക്ലാർനെറ്റ് അല്ലെങ്കിൽ വയലിൻ എന്നിവക്ക് 4 വിദ്യാർത്ഥികൾ വരെ ആകാം.

8. മദ്ദളത്തിന് അനുസാരിവാദ്യം ആകാം. വിദ്യാർത്ഥികൾ ആയിരിക്കണം അനുസാരിവാദ്യം കൈകാര്യം ചെയ്യേണ്ടത്. (ഒരു ഇലത്താളം, ഒരു വലംതല ഇങ്ങനെ രണ്ടുപേർ ആകാം)

9. വാദ്യോപകരണങ്ങൾ വായിക്കുന്നത് മത്സരത്തിൽ പങ്കെടുക്കുന്നവരായിരിക്കണം. വൃന്ദവാദ്യത്തിനും ഗാനമേളക്കും ഉപയോഗിക്കുന്ന സംഗീതോപകരണങ്ങൾ വിദഗ്ധരുടെ പരിശോധനക്കുശേഷം മാത്രമേ ഉപയോഗിക്കാവൂ.

10. ഒപ്പനക്ക് പക്കമേളമോ പിന്നണിയോ പാടില്ല. മുൻപാട്ടുകാരികൾ നിർബന്ധമാണ്. പിൻപാട്ടും വേണം. മറ്റുള്ളവർ ഏറ്റുപാടണം. പാട്ടും താളത്തിനൊത്ത കൈയ്യടിയുമാണ് മുഖ്യ ഘടകം. നൃത്തമല്ലാത്ത രൂപത്തിൽ ചാഞ്ഞും ചരിഞ്ഞുമുള്ള കയ്യടിയും ചുറ്റിക്കളിയുമാകാം. ഒരു മണവാട്ടിയും വേണം. മത്സരത്തിൽ പങ്കെടുക്കുന്ന പത്തു പേരും സ്റ്റേജിൽ അണിനിരക്കണം. ഇതുതന്നെയാണ് വട്ടപ്പാട്ടു മത്സരത്തിന്റെയും ഘടന.

11. കോൽക്കളിക്ക് ഇമ്പമാർന്ന പുരാതന മാപ്പിളപ്പാട്ടുകളുടെ ഈണത്തിനൊപ്പിച്ച് മെയ് വഴക്കത്തോടെ ചുവടൊപ്പിച്ച് ചാഞ്ഞും ചരിഞ്ഞും മറിഞ്ഞും വായ്ത്താരിയിലും കോലടിയിലും താളം പിടിച്ച് പങ്കെടുക്കുന്നവർ തന്നെ അവതരിപ്പിക്കണം. പിന്നണി പാടില്ല.

12. ദഫ്മുട്ടിന് ബൈത്തിന്റെ വൈവിധ്യമാർന്ന ഈണങ്ങൾക്ക് അനുസരിച്ച് ചാഞ്ഞും ചരിഞ്ഞും നിന്നും ഇരുന്നും വിവിധ താളങ്ങളിൽ അവതരിപ്പിക്കണം. അമിതമായ ചുവടുകളോ നൃത്തമോ പാടില്ല. അറബി ബൈത്തുകളോ മദഹ് പാട്ടുകളോ ആകാം. ലളിതഗാനമോ മാപ്പിളപ്പാട്ടോ പാടില്ല. പിന്നണി പാടില്ല.

13. തിരുവാതിരക്കളിക്ക് പിൻപാട്ടുകൾക്കു വിദ്യാർത്ഥികളായിരിക്കണം (രണ്ടു പേർ ലളിതമായ കേരളീയ വേഷമായിരിക്കണം. കലാരൂപത്തിന്റെ തനിമ നിലനിർത്തണം. കുട്ടികൾ തന്നെ പാടിക്കളിക്കണം. നിലവിളക്കും നിറപറയും ഉണ്ടായിരിക്കണം (ഇവ സംഘാടകർ നൽകണം.)

14. മാർഗ്ഗംകളിക്ക് നിലവിളക്ക് ഉണ്ടായിരിക്കണം (നിലവിളക്ക് സംഘാടകർ നൽകണം). തനതായ വേഷമായിരിക്കണം. നൃത്താവതരണത്തിന് താളം ക്രമീകരിക്കുന്നതിന് കുഴിത്താളം(ചെറിയ ഇലത്താളം) ഉപയോഗിക്കാവുന്നതാണ്.

15. മറ്റ് സംഗീത ഉപകരണങ്ങളോ പിന്നണിയോ പാടില്ല. നാടകത്തിൽ ഒരു ഏകാങ്ക നാടകമോ, വലിയ നാടകത്തിന്റെ തെരഞ്ഞെടുത്ത ഭാഗങ്ങളോ ആകാം. പിന്നണിയിൽ (മൂന്ന് പേർ) വിദ്യാർത്ഥികൾ തന്നെയായിരിക്കണം. നല്ല നടൻ, നല്ല നടി എന്നിവരെ തെരഞ്ഞെടുത്ത് സമ്മാനം നൽകണം. സി.ഡി/കാസറ്റ് ഉപയോഗിക്കാവുന്നതാണ്.

16. ദേശഭക്തിഗാന മത്സരത്തിൽ ആൺകുട്ടികളും പെൺകുട്ടികളും ആകാം. ദേശീയോദ്ഗ്രഥന സന്ദേശമുൾക്കൊള്ളുന്ന ഗാനങ്ങളായിരിക്കണം ആലപിക്കേണ്ടത്. മലയാളഗാനം തന്നെയായിരിക്കണമെന്നില്ല.

17. തിരുവാതിര, മാർഗ്ഗംകളി എന്നിവക്ക് നിലവിളക്ക് സംഘാടകർ നൽകണം.

18. എല്ലാ മത്സരങ്ങളുടെയും പിന്നണിയിലുള്ള കുട്ടികൾക്കും ഗ്രേഡ് സർട്ടിഫിക്കറ്റിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

19. മത്സരങ്ങളുടെ എല്ലാ തലങ്ങളും വിലയിരുത്തുന്നതിന് യോഗ്യരായ വിധികർത്താക്കളെ നിയമിക്കണം. വിധികർത്താക്കളെ നിയമിക്കുമ്പോൾ അവരുടെ ബയോഡാറ്റയും ഡിക്ലറേഷൻ അനുബന്ധം 5ൽ കൊടുത്തിരിക്കുന്നതുപോലെ എഴുതി വാങ്ങണം. വിധി നിർണ്ണയത്തിന് എല്ലാ തലത്തിലും 3 വിധികർത്താക്കൾ മാത്രമായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

20. മത്സരഫലം ജഡ്ജിമാർ വിധി നിർണ്ണയിച്ച് സ്റ്റേജിൽ വച്ചുതന്നെ ഫലം പ്രഖ്യാപനം

നടത്തേണ്ടതാണ്.

21. സോണൽ, സംസ്ഥാന കലോത്സവത്തിൽ പങ്കെടുക്കുന്ന മത്സരാർത്ഥികളുടെയും പിന്നണിയിൽ പ്രവർത്തിക്കുന്ന വിദ്യാർത്ഥികളുടെയും ഫോട്ടോ പതിച്ച് തിരിച്ചറിയൽ കാർഡ് അവർ പഠിക്കുന്ന സ്ഥാപനത്തിലെ പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയത് നിർബന്ധമായും ഹാജരാക്കണം. അല്ലാത്ത പക്ഷം മത്സരത്തിൽ പങ്കെടുപ്പിക്കുന്നതല്ല.

22.മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് പ്രവേശനഫീസ് ഈടാക്കാൻ പാടുള്ളതല്ല.

23. കോളേജ് തലത്തിൽ പ്രസംഗ മത്സരത്തിനുള്ള വിഷയം 15 മിനിറ്റിന് മുൻപ് നൽകുന്നതാണ്. എന്നാൽ സോൺ, സംസ്ഥാന തലത്തിൽ പ്രസംഗ മത്സരത്തിനുള്ള വിഷയം മത്സരം തുടങ്ങുന്നതിന് 10 മിനിറ്റ് മുമ്പ് മാത്രമേ വിധികർത്താക്കൾ നൽകുകയുള്ളൂ.

24. കോളേജു തലത്തിൽ 'എ' ഗ്രേഡ് ലഭിച്ച ടോപ്പ് സ്കോർ നേടിയ ഒരു വ്യക്തിഗത ഇനം/ഗ്രൂപ്പ് മാത്രമേ സോണൽ തലത്തിൽ മത്സരിക്കാൻ കഴിയുകയുള്ളൂ.

## അനുബന്ധം 2

മൂല്യനിർണ്ണയോപാധികൾ

1. ശാസ്ത്രീയ സംഗീതം (ശ്രുതിയോടുകൂടി പാടണം)

എ) ശാരീരം 15 മാർക്ക്

| | |
|---|---|
| ബി) ശ്രുതിലയം | 15 മാർക്ക് |
| സി) ജ്ഞാനഭാവം | 20 മാർക്ക് |
| ഡി) താളം | 20 മാർക്ക് |
| ഇ) സാഹിത്യശുദ്ധി | 15 മാർക്ക് |
| എഫ്) മനോധർമ്മം | 15 മാർക്ക് |

2. ലളിതഗാനം

| | |
|---|---|
| എ) ശാരീരം | 20 മാർക്ക് |
| ബി) ശ്രുതിലയം | 20 മാർക്ക് |
| സി) ജ്ഞാനഭാവം | 20 മാർക്ക് |
| ഡി) താളം | 20 മാർക്ക് |
| ഇ) സാഹിത്യശുദ്ധി | 15 മാർക്ക് |

3. ഉപകരണസംഗീതം (വിൻഡ് ടൈപ്പ്)

| | |
|---|---|
| എ) നാദം | 20 മാർക്ക് |
| ബി) രാഗഭാവം | 20 മാർക്ക് |
| സി) താളം | 20 മാർക്ക് |
| ഡി) മനോധർമ്മം | 20 മാർക്ക് |
| ഇ) ശ്രുതിലയം | 20 മാർക്ക് |

4. ഉപകരണസംഗീതം (സിംഗ് ടൈപ്പ്)

| | |
|---|---|
| എ) നാദം | 20 മാർക്ക് |
| ബി) രാഗഭാവം | 20 മാർക്ക് |
| സി) താളം | 20 മാർക്ക് |
| ഡി) വില്ലിടുന്നത് | 20 മാർക്ക് |
| ഇ) മീട്ട് | 20 മാർക്ക് |

5. ഉപകരണസംഗീതം (ലയ ടൈപ്പ്)

| | |
|---|---|
| എ) നാദം | 20 മാർക്ക് |
| ബി) അംഗുലീപ്രയോഗം | 20 മാർക്ക് |
| ഡി) മനോധർമ്മം | 20 മാർക്ക് |
| സി) ലയം | 20 മാർക്ക് |
| ഇ) ചൊൽ ശുദ്ധം | 20 മാർക്ക് |

6. ഭരതനാട്യം, മോഹിനിയാട്ടം

| | |
|---|---|
| എ) ആകാരസൂഷ്മത | 15 മാർക്ക് |
| ബി) വേഷം | 15 മാർക്ക് |
| സി) ഭാവപ്രകടനം | 20 മാർക്ക് |
| ഡി) മുദ്രകളുടെ പൂർണ്ണത | 15 മാർക്ക് |
| ഇ) താളം | 20 മാർക്ക് |
| എഫ്) ചുവടുവെപ്പ് | 15 മാർക്ക് |

7. കുച്ചുപ്പുടി

| | |
|---|---|
| എ) ആകാരസൂഷ്മത | 15 മാർക്ക് |
| ബി) വേഷം | 15 മാർക്ക് |
| സി) ഭാവപ്രകടനം | 20 മാർക്ക് |
| ഡി) മുദ്രകളുടെ പൂർണ്ണത | 15 മാർക്ക് |
| ഇ) താളം | 20 മാർക്ക് |
| എഫ്) ചുവടുവെപ്പ് | 15 മാർക്ക് |

നാടോടിനൃത്തം

| | |
|---|---|
| എ) ആകാരസൂഷ്മത | 20 മാർക്ക് |
| ബി) വേഷം | 20 മാർക്ക് |

സി) ഭാവപ്രകടനം 20 മാർക്ക്

ഡി) താളം 20 മാർക്ക്

ഇ) ചലനഭംഗി 20 മാർക്ക്

കുറിപ്പ്: ഉപകരണങ്ങളുടെ ആധിക്യം കുറക്കണം. രംഗസജ്ജീകരണം ആവശ്യമില്ല.

1. കഥകളി

എ) ആഹാര്യം 30 മാർക്ക്

ബി) ചെല്ലിയാട്ടം (ഭാവം, ചലനം, താളം, 40 മാർക്ക്

മുദ്രയുടെ വടിവ്, ചുവട് വെപ്പ് ഇവയെല്ലാം ഉൾപ്പെടുന്നു.

സി) ശാസ്ത്രീയ പരിജ്ഞാനം 30 മാർക്ക്

കുറിപ്പ്: ഗ്രൂപ്പിന് പരസ്പരമുള്ള പൊരുത്തവും പ്രതികരണവും കൂടി കണക്കാക്കേണ്ടതാണ്.

2. ഓട്ടൻതുള്ളൽ

എ) വേഷഭംഗി 20 മാർക്ക്

ബി) സംഗീതവും സാഹിത്യവും 20 മാർക്ക്

സി) ഉച്ചാരണം 20 മാർക്ക്

ഡി) അഭിനയം 20 മാർക്ക്

ഇ) താളം 20 മാർക്ക്

3. കഥാപ്രസംഗം

എ) ഉച്ചാരണശുദ്ധി 20 മാർക്ക്

ബി) ഭാഷാശുദ്ധി 20 മാർക്ക്

സി) ആശയാവിഷ്ക്കരണം 20 മാർക്ക്

ഡി) ഭാവപ്രകടനം 20 മാർക്ക്

ഇ) സാഹിത്യവും സംഗീതവുമായുള്ള യോജിപ്പ് 20 മാർക്ക്

4. പ്രസംഗം/പ്രഭാഷണം

എ) സഭാകമ്പമില്ലാതെ സംസാരിക്കാനുള്ള കഴിവ് 20 മാർക്ക്

ബി) അക്ഷരസ്ഫുടത 20 മാർക്ക്

സി) ഭാഷാശുദ്ധി 15 മാർക്ക്

ഡി) ആശയസ്ഫുടത 15 മാർക്ക്

ഇ) ധാരാവാഹിത്വം 15 മാർക്ക്

എഫ്) സന്ദർഭോചിതമായ ശബ്ദനിയന്ത്രണം 15 മാർക്ക്

5.ഗാനമേള

എ) ശ്രുതി 25 മാർക്ക്

ബി) താളം 25 മാർക്ക്

സി) വിവിധ ഗായകരും വാദ്യങ്ങളും തമ്മിലുള്ള

യോജിപ്പ് 25 മാർക്ക്

ഡി) ഗാനത്തിന്റെ സാഹിത്യം 25 മാർക്ക്

6. സംഘനൃത്തം

എ) നർത്തകർ തമ്മിലുള്ള യോജിപ്പ് 20 മാർക്ക്

ബി) വേഷവിധാനവും വേഷത്തിന്റെ യോജിപ്പും 20 മാർക്ക്

സി) ചലനം 20 മാർക്ക്

ഡി) താളം 20 മാർക്ക്

ഇ) അവതരണം 20 മാർക്ക്

7. നാടകം

എ) കഥാവസ്തു 20 മാർക്ക്

ബി) അഭിനയപ്പൊരുത്തം 20 മാർക്ക്

സി) അവതരണം 20 മാർക്ക്

ഡി) സംവിധാനം 20 മാർക്ക്

ഇ) അഭിനയം 20 മാർക്ക്

8. തിരുവാതിരക്കളി

എ) വേഷത്തനിമ 25 മാർക്ക്

ബി) ചലനം 25 മാർക്ക്

സി) താളം 25 മാർക്ക്

ഡി) ചുവട് 25 മാർക്ക്

9. ഒപ്പന/വട്ടപ്പാട്ട്

എ) ഒപ്പനപ്പാട്ടിന്റെ ഇശൽ 20 മാർക്ക്

ബി) പാട്ടിന്റെ സാഹിത്യം 20 മാർക്ക്

സി) താളവും കൈയ്യടിയുടെ ചേർച്ചയും 20 മാർക്ക്

ഡി) ശ്രുതിലയവും ശബ്ദഭംഗിയും 20 മാർക്ക്

ഇ) തനിമയാർന്ന അവതരണം 20 മാർക്ക്

10. ദഫ് മുട്ട്

എ) ബൈത്ത് മഹദ് 25 മാർക്ക്

ബി) ഒറ്റ മുട്ട്, മൂന്ന് മുട്ട്, അഞ്ചുമുട്ട്,കായ്യിൻമുട്ട്,
കോരിമുട്ട് ഇവയിൽ ഏതെങ്കിലും നാല് താളം 25 മാർക്ക്
അടങ്ങിയിരിക്കണം

സി) വാദ്യവാദനം 25 മാർക്ക്

ഡി) അവതരണം 25 മാർക്ക്

11. കോൽക്കളി

എ) പാട്ടിന്റെ തനിമ 20 മാർക്ക്

ബി) താളവും കോലടക്കവും 25 മാർക്ക്

സി) മെയ്താളം 15 മാർക്ക്

ഡി) ചുവടുവെപ്പ് 25 മാർക്ക്

ഇ) തനിമയാർന്ന അവതരണം 15 മാർക്ക്

12. മിമിക്രി

എ) വിഷയത്തോടുള്ള നീതിപുലർത്തൽ 25 മാർക്ക്

ബി) അനുകരണ സാമർത്ഥ്യം 25 മാർക്ക്

സി) അഭിനയം 25 മാർക്ക്

ഡി) തന്മയത്വം 25 മാർക്ക്

കുറിപ്പ്: ആക്ഷേപകരമായ പരാമർശം ഒഴിവാക്കണം

13. മോണോ ആക്ട്

എ) അക്ഷരസ്ഫുടത 25 മാർക്ക്

ബി) ആശയസ്ഫുടത 25 മാർക്ക്

സി) ഭാവാഭിനയം 20 മാർക്ക്

ഡി) സംഭാഷണം 25 മാർക്ക്

പ്രമേയവും പാത്രവതൽക്കരണവും 15 മാർക്ക്

കുറിപ്പ്: ആക്ഷേപകരമായ പരാമർശം ഒഴിവാക്കണം

14. ദേശഭക്തിഗാനം

എ) ശ്രുതിശുദ്ധി 20 മാർക്ക്

ബി) താളം 20 മാർക്ക്

സി) ഒരേ ഈണത്തിൽ ഒരുമിച്ച്

പാടുന്നതിനുള്ള മികവ് 20 മാർക്ക്

ഡി) അക്ഷരസ്ഫുടത 20 മാർക്ക്

ഇ) ഭാവം 20 മാർക്ക്

15. കാർട്ടൂൺ

എ) തന്നിട്ടുള്ള വിഷയവുമായുള്ള ബന്ധം 20 മാർക്ക്

ബി) രചനാശൈലി 20 മാർക്ക്

സി) ആക്ഷേപഹാസ്യം സാമൂഹികവിമർശനം 20 മാർക്ക്

ഡി) സംവിധാനം (കോംബോസിഷൻ) 20 മാർക്ക്

ഇ) നർമ്മബോധം 20 മാർക്ക്

16. ചിത്രരചന (പെൻസിൽ)

എ) തന്നിട്ടുള്ള വിഷയവുമായുള്ള ബന്ധം 20 മാർക്ക്

ബി) സംവിധാനം (കോംബോസിഷൻ) 20 മാർക്ക്

സി) പ്രയോഗസാമർത്ഥ്യം 20 മാർക്ക്

ഡി) രേഖകളുടെയും ഇരുൾവെളിച്ചങ്ങളുടെയും

സവിശേഷത 20 മാർക്ക്

ഇ)പൂർണ്ണത 20 മാർക്ക്

17. ചിത്രരചന (ജലച്ഛായം)

എ) തന്നിട്ടുള്ള വിഷയവുമായുള്ള ബന്ധം 20 മാർക്ക്

ബി) സംവിധാനം (കോംബോസിഷൻ) 20 മാർക്ക്

സി) ജലച്ചഛായത്തിന്റെ പ്രയോഗത്തിലുള്ള മികവ് 20 മാർക്ക്

ഡി) ശൈലി 20 മാർക്ക്

ഇ) പൂർണ്ണത 20 മാർക്ക്

18. ചിത്രരചന (എണ്ണച്ഛായം)

എ) തന്നിട്ടുള്ള വിഷയവുമായുള്ള ബന്ധം 20 മാർക്ക്

ബി) സംവിധാനം (കോംബോസിഷൻ) 20 മാർക്ക്

സി) എണ്ണച്ഛായത്തിന്റെ പ്രയോഗത്തിലുള്ള മികവ് 20 മാർക്ക്

ഡി) ശൈലി 20 മാർക്ക്

ഇ) പൂർണ്ണത 20 മാർക്ക്

19. കൊളാഷ്

എ) തന്നിട്ടുള്ള വിഷയവുമായുള്ള ബന്ധം 20 മാർക്ക്

ബി) കോമ്പിനേഷൻ 20 മാർക്ക്

സി) പ്രയോഗരീതി 20 മാർക്ക്

ഡി) വിവിധ മാധ്യമങ്ങളുടെ സങ്കലനം 20 മാർക്ക്

ഇ) പൂർണ്ണത 20 മാർക്ക്

20. പഞ്ചവാദ്യം

എ) മനോധർമ്മം 20 മാർക്ക്

ബി) ലയം 20 മാർക്ക്

സി) വാദ്യോപകരണങ്ങളുടെ യോജിപ്പ് 20 മാർക്ക്

ഡി) താളം 20 മാർക്ക്

ഇ) നാദം 20 മാർക്ക്

21. വൃന്ദവാദ്യം

എ) ഉപകരണങ്ങൾ തമ്മിലുള്ള ബന്ധം 20 മാർക്ക്

ബി) ലയം 20 മാർക്ക്

സി) താളം 20 മാർക്ക്

ഡി) ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള കഴിവ് 20 മാർക്ക്

ഇ) നാദം 20 മാർക്ക്

22. കഥാരചന

എ) ഭാഷ 20 മാർക്ക്

ബി) സർഗാത്മകത 20 മാർക്ക്

സി) ആവിഷ്ക്കാരരീതി 20 മാർക്ക്

ഡി) സൗന്ദര്യാത്മകത 20 മാർക്ക്

ഇ) പ്രതിപാദനരീതി 20 മാർക്ക്

23. കവിതാരചന

എ) ഭാഷ 20 മാർക്ക്

ബി) സർഗാത്മകത 20 മാർക്ക്

സി) താളം 20 മാർക്ക്

ഡി) സൗന്ദര്യാത്മകത 20 മാർക്ക്

ഇ) പ്രതിപാദനരീതി 20 മാർക്ക്

24. ഉപന്യാസം

എ) ഭാഷാലാളിത്യം 20 മാർക്ക്

ബി) വസ്തുതകളുടെ വിന്യാസം 20 മാർക്ക്

സി) അവതരണരീതി 20 മാർക്ക്

ഡി) വിഷയത്തിലുള്ള അറിവ് 20 മാർക്ക്

ഇ) അനുബന്ധകാര്യങ്ങളുടെ റഫറൻസ് 20 മാർക്ക്

25. മാർഗ്ഗംകളി

| | |
|---|---|
| എ) സാഹിത്യം | 25 മാർക്ക് |
| ബി) മാപ്പിളത്തനിമ | 25 മാർക്ക് |
| സി) താളം | 25 മാർക്ക് |
| ഡി) വേഷത്തിന്റെ അനുയോജ്യത | 25 മാർക്ക് |

26.

എ)

ശ്രുതി

ബി) ഭക്തിഭാവം

സി) താളം

ഡി) ചുവട്

ഇ) സംഗീതം

27. ചെണ്ടമേളം

| | |
|---|---|
| എ) താളം | 20 മാർക്ക് |
| ബി) ശുദ്ധി | 20 മാർക്ക് |
| സി) മേളത്തിന്റെ യോജിപ്പ് | 20 മാർക്ക് |
| ഡി) നാദം | 20 മാർക്ക് |
| ഇ) പൂർണ്ണത | 20 മാർക്ക് |

28. ചെണ്ട (തായമ്പക) മദ്ദളം

| | |
|---|---|
| എ) താളം | 20 മാർക്ക് |
| ബി) സാധകം | 20 മാർക്ക് |
| സി) മേളം | 20 മാർക്ക് |

ഡി) നാദം 20 മാർക്ക്

ഇ) പൂർണ്ണത 20 മാർക്ക്

29. സംഘഗാനം

എ) ശ്രുതി 35 മാർക്ക്

ബി) താളം 35 മാർക്ക്

സി) ഗായകർ തമ്മിലുള്ള യോജിപ്പ് 30 മാർക്ക്

30. നാടൻപാട്ട്

എ) ഒരുമിച്ച് പാടാനുള്ള കഴിവ് 25 മാർക്ക്

ബി) താളം 25 മാർക്ക്

സി) നാടോടി തനിമ 25 മാർക്ക്

ഡി) ഉച്ചാരണം 25 മാർക്ക്

31. പൂരക്കളി

എ) വേഷതനിമ 25 മാർക്ക്

ബി) പാട്ട് 25 മാർക്ക്

സി) ചുവട് 25 മാർക്ക്

ഡി) താളം 25 മാർക്ക്

32 മാപ്പിളപ്പാട്ട്

എ. താളം 20 മാർക്ക്

ബി. ശുദ്ധി 20 മാർക്ക്

സി. മേളത്തിന്റെ യോജിപ്പ് 20 മാർക്ക്

ഡി. നാദം 20 മാർക്ക്

ഇ. പൂർണത 20 മാർക്ക്

33ചാക്യാർകൂത്ത്

എ. നർമ്മബോധം 20 മാർക്ക്

ബി. അഭിനയം 20 മാർക്ക്

സി. ഉച്ചാരണം 20 മാർക്ക്

ഡി. ആനുകാലിക വിഷയങ്ങളുടെ കോർത്തിണക്കൽ 20 മാർക്ക്

ഇ. വേഷ ഭംഗി 20 മാർക്ക്

34.മൂകാഭിനയം

എ.അഭിനയം 25 മാർക്ക്

ബി. ചലനാതമകത 25 മാർക്ക്

സി. ആശയവിനിമയം . 20 മാർക്ക്

ഡി. വേഷഭംഗി 20 മാർക്ക്

ഇ. നർമ്മം 10 മാർക്ക്

35.പരിചമുട്ട്കളി

എ. വേഷത്തിന്റെ അനുയോജ്യത 25 മാർക്ക്

ബി. ഭക്തിഭാവം 25 മാർക്ക്

സി. താളം 25 മാർക്ക്

ഡി. ശ്രുതിലയം 25 മാർക്ക്

36 കവിതാലാപനം

എ. ഭാവം 30 മാർക്ക്

ബി. ഉച്ചാരണം 20 മാർക്ക്

ഡി. ലയം 30 മാർക്ക്

ഡി. സംഗീതാത്മകത 10 മാർക്ക്

# അനുബന്ധം 4

## മാതൃകാ ഫോറം

## കേരളാ പോളിടെക്നിക്ക് കോളേജ് കലോത്സവം

## അപ്പീൽ സമർപ്പിക്കുന്നതിനുള്ള അപേക്ഷാ ഫോറം

1. വിദ്യാർത്ഥിയുടെ പേര് :
2. പോളിടെക്നിക്കിന്റെ പേര് :
3. പങ്കെടുക്കുന്ന ഇനം :
4. വേദിയുടെ പേരും നമ്പറും :
5. രജിസ്റ്റർ നമ്പർ :
6. കോഡ് നമ്പർ :
7. മത്സരത്തിൽ ലഭിച്ച സ്ഥാനം :
8. മത്സരം നടന്ന തീയതിയും സമയവും :
9. വിധി പ്രഖ്യാപനം നടത്തിയ തീയതി :
10. അപ്പീൽ സമർപ്പിക്കുവാനുണ്ടായ കാരണം :

മത്സരാർത്ഥിയുടെ ഒപ്പ്

ടീം മാനേജരുടെ പേര്, ഒപ്പ്

അപ്പീൽ സമർപ്പിക്കുന്ന തീയതിയും സമയവും.

ഓഫീസ് ഉപയോഗത്തിന്

1. അപ്പീൽ നമ്പർ
2. അപ്പീൽ ഫീസിന്റെ തീയതിയും രസീത് നമ്പറും തീയതിയും
3. അപ്പീൽ കേൾക്കുന്നതിനുള്ള സമയം
4. റിമാർക്ക്സ്

ഒപ്പ്

ചെയർമാൻ

അപ്പീൽ കമ്മിറ്റി

# അനുബന്ധം 5

മാതൃകാ ഫോറം

## കേരളാ പോളിടെക്നിക്ക് കോളേജ് കലോത്സവം

## അപ്പീൽ തീർപ്പാക്കിക്കൊണ്ടുള്ള നടപടി ഉത്തരവ്

വിഷയം:

സൂചന:

ഉത്തരവ് നമ്പർ.

തിയതി.............

മത്സരാർത്ഥിയുടെ പരാതിയുടെ വിശദാംശം

കാര്യകാരണ വിശകലന റിപ്പോർട്ട്

അപ്പീലിനുമേലുള്ള തീരുമാനം

ഒപ്പ്

ചെയർമാൻ

അപ്പീൽ കമ്മിറ്റി

മത്സരാർത്ഥിയുടെ പേരും വിലാസവും

അനുബന്ധം 6

മാതൃകാ ഫോറം

കേരളാ പോളിടെക്നിക്ക് കോളേജ് കലോത്സവം

(വിധികർത്താക്കൾ/അപ്പീൽ കമ്മിറ്റി അംഗങ്ങൾക്കുള്ളത്)

<u>സത്യപ്രസ്താവന</u>

എന്റെ മകളോ ബന്ധുക്കളോ ശിഷ്യൻമാരോ ആരും തന്നെ ഞാൻ വിധിനിർണ്ണയം നടത്തുന്ന/അപ്പീലിന് വിധേയമായ മത്സരയിനത്തിൽ പങ്കെടുക്കുന്നില്ല എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം

ഒപ്പ്

തീയതി

പേര്

അനുബന്ധം 1

സംസ്ഥാനതല/കോളേജുതല മത്സരങ്ങൾ

മത്സരങ്ങളെ താഴെകൊടുത്തിരിക്കുന്ന പതിനൊന്ന് വിഭാഗങ്ങളിലായി തിരിച്ചിരിക്കുന്നു.

വിഭാഗം1 (ഫൈൻ ആർട്സ്)

1. ചിത്രരചന പെൻസിൽ 120 മിനിറ്റ് (പൊതുവായി ആൺ, പെൺ)
2. ചിത്രരചന ജലച്ചായം 120 മിനിറ്റ് (പൊതുവായി ആൺ പെൺ
3. ചിത്രരചന എണ്ണച്ചായം 120 മിനിറ്റ് (പൊതുവായി ആൺ,പെൺ)
4. കാർട്ടൂൺ 60 മിനിറ്റ് (പൊതുവായി ആൺ, പെൺ
5. കൊളാഷ് 120 മിനിറ്റ് (പൊതുവായി ആൺ പെൺ

വിഭാഗം 2 (മ്യൂസിക്)

1. ശാസ്ത്രീയ സംഗീതം (ആൺ) 10 മിനിറ്റ്
2. ശാസ്ത്രീയ സംഗീതം (പെൺ) 10 മിനിറ്റ്
3. ലളിതഗാനം (ആൺ) 5 മിനിറ്റ്
4. ലളിതഗാനം (പെൺ) 5 മിനിറ്റ്
5. മാപ്പിളപ്പാട്ട് (ആൺ) 5 മിനിറ്റ്
6. മാപ്പിളപ്പാട്ട് (പെൺ) 5 മിനിറ്റ്

വിഭാഗം 3 (ഇൻസ്ട്രുമെന്റ് മ്യൂസിക്)

1. വയലിൻ 10 മിനിറ്റ് (പൊതുവായി ആൺ, പെൺ
2. ഗിറ്റാർ 10 മിനിറ്റ് (പൊതുവായി ആൺ, പെൺ
3. ഓടക്കുഴൽ 10 മിനിറ്റ് (പൊതുവായി ആൺ, പെൺ

4. ചെണ്ട (തായമ്പക 1+5) പിന്നണി 10 മിനിറ്റ് (പൊതുവായി ആൺ, പെൺ

(പിന്നണി വിദ്യാർത്ഥികളായിരിക്കണം)

5. മൃദംഗം 10 മിനിറ്റ് (പൊതുവായി ആൺ, പെൺ

6. മദ്ദളം (1+3) 10 മിനിറ്റ് (പൊതുവായി ആൺ, പെൺ (പിന്നണി വിദ്യാർത്ഥികളായിരിക്കണം)

7. തബല 10 മിനിറ്റ് (പിന്നണി വിദ്യാർത്ഥികളായിരിക്കണം)

<u>വിഭാഗം 4 (ഡാൻസ്)</u>

1. കഥകളി (ആൺ/പെൺ) 15 മിനിറ്റ്
2. ഓട്ടൻതുള്ളൽ (ആൺ) 10 മിനിറ്റ്
3. ഓട്ടൻതുള്ളൽ (പെൺ) 10 മിനിറ്റ്
4. നാടോടി നൃത്തം (സിംഗിൾ (ആൺ) 5 മിനിറ്റ്
5. നാടോടി നൃത്തം (സിംഗിൾ (പെൺ) 5 മിനിറ്റ്
6. ഭരതനാട്യം (ആൺ) 10 മിനിറ്റ്
7. ഭരതനാട്യം (പെൺ) 10 മിനിറ്റ്
8. കുച്ചുപ്പുടി (ആൺ/പെൺ) 10 മിനിറ്റ്
9. ചാക്യാർകൂത്ത് (ആൺ/പെൺ) 20 മിനിറ്റ്
10. മോഹിനിയാട്ടം (പെൺ) 10 മിനിറ്റ്

<u>വിഭാഗം 5 (ലിറ്ററി ഈവന്റ്സ്)</u>

1. പ്രസംഗം (മലയാളം) 5 മിനിറ്റ് (പൊതുവായി ആൺ,പെൺ)
2. പ്രസംഗം (ഇംഗ്ലീഷ്) 5 മിനിറ്റ് (പൊതുവായി ആൺ,പെൺ)
3. ഉപന്യാസം (മലയാളം) 60മിനിറ്റ് (പൊതുവായി ആൺ,പെൺ)

4. ഉപന്യാസം (ഇംഗ്ലീഷ്) 60 മിനിറ്റ് (പൊതുവായി ആൺ,പെൺ)

5. കഥാരചന (മലയാളം)120 മിനിറ്റ് (പൊതുവായി ആൺ,പെൺ)

6. കഥാരചന (ഇംഗ്ലീഷ്) 120 മിനിറ്റ് (പൊതുവായി ആൺ,പെൺ)

7. കവിതാരചന (മലയാളം) 120 മിനിറ്റ് (പൊതുവായി ആൺ,പെൺ)

8. കവിതാരചന (ഇംഗ്ലീഷ്) 120 മിനിറ്റ് (പൊതുവായി ആൺ,പെൺ)

വിഭാഗം 6 (സിറ്റേഷൻ)

| | | |
|---|---|---|
| 1. പദ്യം ചൊല്ലൽ (മലയാളം) | (ആൺ) | 5 മിനിറ്റ് |
| 2. പദ്യം ചൊല്ലൽ (മലയാളം) | (പെൺ) | 5 മിനിറ്റ് |
| 3. പദ്യം ചൊല്ലൽ (ഇംഗ്ലീഷ്) | (ആൺ) | 5 മിനിറ്റ് |
| 4. പദ്യം ചൊല്ലൽ (ഇംഗ്ലീഷ്) | (പെൺ) | 5 മിനിറ്റ് |

വിഭാഗം 7 (തിയേറ്റർ ഈവന്റ്സ്)

| | | |
|---|---|---|
| 1. മോണോ ആക്ട് | (ആൺ) | 5 മിനിറ്റ് |
| 2. മോണോ ആക്ട് | (പെൺ) | 5 മിനിറ്റ് |
| 3. മിമിക്രി | (ആൺ) | 5 മിനിറ്റ് |
| 4. മിമിക്രി | (പെൺ) | 5 മിനിറ്റ് |
| 5. കഥാപ്രസംഗം (പൊതുമത്സരം) (1 + 4) | | 15 മിനിറ്റ് (പിന്നണി വിദ്യാർത്ഥികളായിരിക്കണം) |

വിഭാഗം 8 (ഗ്രൂപ്പ് ഡാൻസ്)

| | |
|---|---|
| 1. സംഘനൃത്തം (7 പേർ) (പെൺ) | 10 മിനിറ്റ് |
| 2. തിരുവാതിര (10 പേർ) (8 + 2) (പെൺ) | 10 മിനിറ്റ് |
| 3. മാർഗ്ഗം കളി (7പേർ) (പെൺ) | 10 മിനിറ്റ് |
| 4. ഒപ്പന (10 പേർ) (പെൺ) | 10 മിനിറ്റ് |
| 5. വട്ടപ്പാട്ട് (10 പേർ) (ആൺ) | 10 മിനിറ്റ് |

വിഭാഗം 9 (ഗ്രൂപ്പ് ഈവന്റ്സ്)

1. സംഘഗാനം (7 പേർ) 10 മിനിറ്റ്

2. ഗാനമേള (7 പേർ 10 മിനിറ്റ് (ഉപകരണങ്ങൾ വിദ്യാർത്ഥികൾ തന്നെ കൈകാര്യം ചെയ്യണം)

3. നാടകം (മലയാളം) 30 മിനിറ്റ് (7 + 3പിന്നണി) (പിന്നണി വിദ്യാർത്ഥികളായിരിക്കണം)

4. നാടകം (ഇംഗ്ലീഷ്) ) 30 മിനിറ്റ് (7 + 3പിന്നണി) (പിന്നണി വിദ്യാർത്ഥികളായിരിക്കണം)

5. മൂകാഭിനയം (7 പേർ) (6+1) 10 മിനിറ്റ്

6. ചെണ്ടമേളം (7 പേർ) 10 മിനിറ്റ്

7. പഞ്ചവാദ്യം (7 പേർ) 10 മിനിറ്റ്

8. വൃന്ദവാദ്യം (7 പേർ) 10 മിനിറ്റ്

9. നാടൻപാട്ട് (6 പേർ) 10 മിനിറ്റ്

വിഭാഗം 10

1. പരിചമുട്ടുകളി (ആൺ) (8 പേർ) 10 മിനിറ്റ്

2. കോൽക്കളി (ആൺ) (12 പേർ) 10 മിനിറ്റ്

3. ദഫ് മുട്ട് (ആൺ) (10 പേർ) 10 മിനിറ്റ്

4. പൂരക്കളി (ആൺ) (12 പേർ) 15 മിനിറ്റ്

വിഭാഗം 11

ദേശഭക്തിഗാനം (7 പേർ) 5 മിനിറ്റ്

അനുബന്ധം 3

എ) സ്വീകരണ കമ്മിറ്റി

ചുമതലകൾ സംഘാടക സമിതിയുമായി ആലോചിച്ച് കലോത്സവത്തിന്റെ ഉദ്ഘാടനം, സമാപനം തുടങ്ങിയ പ്രധാന ചടങ്ങുകൾക്കാവശ്യമായ അതിഥികളെ ക്ഷണിക്കുക. ചടങ്ങുകൾ ചിട്ടയായി നടത്തുക. ക്ഷണിക്കേണ്ടവരുടെ ലിസ്റ്റ് തയ്യാറാക്കുക, ക്ഷണക്കത്തുകൾ അച്ചടിച്ച് വിതരണം ചെയ്യുക, അതിഥികളെ സ്വീകരിക്കുക, വിവിധ കേളേജുകളിൽ നിന്നും വരുന്ന സംഘങ്ങളെ സ്വീകരിക്കുക.

ബി) ഭക്ഷ്യകാര്യ കമ്മിറ്റി

ചുമതലകൾ മത്സരത്തിൽ പങ്കെടുക്കുവാൻ വരുന്ന വിദ്യാർത്ഥികൾ, അവരെ അനുഗമിക്കുന്ന അദ്ധ്യാപകർ, അതിഥികൾ, ജഡ്ജിമാരായി വരുന്നവർ വിവിധ ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥൻമാർ, സന്നദ്ധ സേവനം ചെയ്യുന്നവർ, നടത്തിപ്പുകാർ, മാധ്യമങ്ങളുടെ പ്രതിനിധികൾ എന്നിവർക്കെല്ലാം ഭക്ഷണം കലോത്സവ സ്ഥലത്ത് നൽകുക. (ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഭക്ഷണം നൽകുന്നത് സംബന്ധിച്ചുള്ള ഉചിതമായ തീരുമാനം എടുക്കുന്നതിന് ഓർഗനൈസിംഗ് കമ്മിറ്റിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്).

സി) പ്രചരണ കമ്മിറ്റി

ചുമതലകൾ കലോത്സവം സംബന്ധിച്ച എല്ലാ കാര്യങ്ങൾക്കും അർഹമായ പ്രചാരണം നൽകുകയാണ് ഈ കമ്മിറ്റിയുടെ ജോലി. വർത്തമാനപ്രത്രങ്ങൾ, ദൃശ്യമാധ്യമങ്ങൾ, ആൾ ഇന്ത്യ റേഡിയോ തുടങ്ങിയ ബഹുജന മാധ്യമ ഏജൻസികളെ സമീപിച്ചും പ്രതസമ്മേളനവും മറ്റും നടത്തിയും ഇത് നിർവഹിക്കാം. വാർത്താമാധ്യമങ്ങൾക്ക് മത്സരഫലങ്ങളും പ്രസിദ്ധീകരണത്തിനുള്ള ചിത്രങ്ങളും യഥാസമയം ലഭ്യമാക്കുകയും വേണം. പ്രോഗ്രാം കമ്മിറ്റിയിൽ നിന്നും മത്സരഫലങ്ങൾ അതാത് സമയത്ത് വാങ്ങി കമ്മിറ്റി പത്രമാധ്യമങ്ങൾക്ക് വിതരണം ചെയ്യേണ്ടതാണ്.

ഡി) പ്രോഗ്രാം കമ്മിറ്റി

ചുമതലകൾ: കലോത്സവമത്സരങ്ങൾ കുറ്റമറ്റ രീതിയിൽ നടത്തുന്ന ഉത്തരവാദിത്വമേറിയ ജോലിയാണ് ഈ കമ്മിറ്റിക്ക് നിർവഹിക്കാനുള്ളത്. കലോത്സവം നടക്കുന്നതിന് മുമ്പായി

താഴെ പറയുന്നവ പ്രോഗ്രാം കമ്മിറ്റി തയ്യാറാക്കണം

1. കോളേജുകളിൽ നിന്നു ലഭിക്കുന്ന ലിസ്റ്റുകൾ ശരിയായി പരിശോധിച്ച് തെറ്റുകളോ കുറവുകളോ ഉണ്ടെങ്കിൽ അവ പരിഹരിച്ച് മത്സരിക്കുന്നവരുടെ അന്തിമ ലിസ്റ്റുകൾ ക്രമീകരിക്കുക.

2. ഓരോ ഇനത്തിലും മത്സരിക്കുന്നവരുടെ ലിസ്റ്റ് (ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും വെവ്വേറെ)

3. ഓരോ മത്സരത്തിനും ആവശ്യമായ സ്കോർ ഷീറ്റുകളും മത്സരഫലങ്ങൾ

രേഖപ്പെടുത്താനുള്ള കൺസോളിഡേറ്റഡ് ഷീറ്റുകളും സ്കോർ ബോർഡും

4. മത്സരങ്ങൾ നടത്തുന്നതിനുള്ള വിശദമായ കാര്യപരിപാടി

5. മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്ന പ്രതിക

6. മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്ക് നൽകാനുള്ള കോഡ് നമ്പറുകൾ

7. കലോത്സവത്തിന്റെ സുഗമമായ നടത്തിപ്പിനാവശ്യമായ

അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും നിയോഗിക്കുകയും അവരുടെ ചുമതല നിശ്ചയിച്ചു നൽകുകയും ചെയ്യുക. അവരുടെ പേരുവിവരം ജനറൽ കൺവീനർക്ക് നൽകുക.

8. മത്സരിക്കുന്നവർക്ക് കോഡുനമ്പറുകൾ യഥാസമയം നൽകുക.

9. വിവിധ വേദികളിൽ അറിയിപ്പുകൾ നൽകുക.

10. ഓരോ മത്സരത്തിന്റെയും സമയം ആസൂത്രണം ചെയ്തതുപോലെ കൃത്യമായി

പാലിക്കുക. മത്സരത്തിൽ പങ്കെടുക്കേണ്ട വിദ്യാർത്ഥികളെ സമയനഷ്ടം കൂടാതെ വേദിയിൽ ഹാജരാക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ ചെയ്യുക.

11. ജഡ്ജിമാർക്ക് മത്സരങ്ങൾ വിലയിരുത്തുന്നതിന് ആവശ്യമായ സൗകര്യം ഏർപ്പെടുത്തുക. അവരുടെ ഭക്ഷണം തുടങ്ങിയ കാര്യങ്ങൾ ശ്രദ്ധിക്കുക.

12. ജഡ്ജിമാർക്ക് സ്കോർ ഷീറ്റുകൾ യഥാസമയം നൽകുകയും അവരുടെ ബയോഡാറ്റ ശേഖരിച്ച് സൂക്ഷിക്കുകയും അവരുടെ പേരുകൾ മത്സരത്തിന് മുമ്പ് വേദിയിൽ പ്രസ്താവിക്കുകയും ചെയ്യുക

13. സ്കോർ ബോർഡിൽ യഥാസമയം പോയിന്റുകൾ രേഖപ്പെടുത്തുക.

14. മത്സരങ്ങളിൽ ഒന്നാം സ്ഥാനം നേടിയവരുടെ ലിസ്റ്റ് തയ്യാറാക്കുകയും അതിന്റെ പകർപ്പ് ട്രോഫി കമ്മിറ്റിക്കും പ്രചാരണകമ്മിറ്റിക്കും നൽകുകയും ചെയ്യുക.

15. ഓരോ ദിവസവും നടത്തുന്ന മത്സരങ്ങളിൽ പങ്കുകൊള്ളുന്നവരുടെ സർട്ടിഫിക്കറ്റുകൾ പ്രിന്റ് ചെയ്ത് തയ്യാറാക്കി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ ഒപ്പുവാങ്ങി അതതു ദിവസങ്ങളിൽ തന്നെ വിതരണം ചെയ്യുക.

16. ഓരോ മത്സരവും ആരംഭിക്കുന്നതിന് മുമ്പ് വേദിയുടെ ക്രമീകരണം, ലൈറ്റ്,സൗണ്ട്

എന്നിവയുടെ കുറ്റമറ്റ സജ്ജീകരണം ഉറപ്പുവരുത്തുക.

17. വിവിധ മത്സരങ്ങളിൽ പങ്കെടുക്കുന്ന ഒരേ വിദ്യാർത്ഥിക്ക് വെവ്വേറെ സമയം

ലഭിക്കത്തക്കവണ്ണം പ്രോഗ്രാം ക്രമീകരിക്കുക.

18. മത്സരങ്ങളിൽ എ ഗ്രേഡ് ലഭിക്കുന്ന വിദ്യാർത്ഥികളുടെ പട്ടിക സാങ്കേതിക വിദ്യാഭ്യാസ

ഡയറക്ടർക്ക് മത്സരം കഴിഞ്ഞ ഉടൻ തന്നെ ലഭ്യമാക്കുക.

19. വിവിധ ഗ്രേഡ് (എ.ബി.സി) ലഭിക്കുന്ന ഗ്രേഡ് മാർക്കിന് അർഹരായവരുടെ പട്ടിക ജോയിന്റ് ഡയറക്ടർ (പി.എസ്) ന് മാർച്ച് 31ാം തീയതിക്ക് മുമ്പായി ലഭ്യമാക്കുക

### ഇ) നിയമപാലന കമ്മിറ്റി

ചുമതലകൾ: കലോത്സവം നടക്കുന്ന സ്ഥലത്ത് അച്ചടക്കവും ചിട്ടയും ഉറപ്പു വരുത്തുക എന്നതാണ് കമ്മിറ്റിയുടെ കർത്തവ്യം. സ്ഥലത്തുള്ള പോലീസ് ഉദ്യോഗസ്ഥൻമാർ, എൻ.സി.സി,

സ്കൌട്ട്സ് എന്നിവരുടെയും പ്രാദേശികമായി ലഭിക്കുന്ന അദ്ധ്യാപകരുടെയും സന്നദ്ധസംഘടനകളുടെയും പൌരമുഖ്യൻമാരുടെയും സഹായസഹകരണങ്ങൾ കമ്മിറ്റി തേടേണ്ടതാണ്. സംസ്ഥാന കലോത്സവം തീരുന്നതുവരെ എപ്പോഴും പോലീസിന്റെ സേവനം നിർബന്ധമായും ഉറപ്പ് വരുത്തണം.

### എഫ്) വെൽഫയർ കമ്മിറ്റി

ചുമതലകൾ കലോത്സവത്തിൽ പങ്കെടുക്കുന്നവരുടെയും ഔദ്യോഗിക ഭാരവാഹികളുടെയും ക്ഷേമാന്വേഷണവും ആരോഗ്യപരിപാലനവുമാണ് ഈ കമ്മിറ്റിയുടെ ചുമതലകൾ.

പൊതുജനാരോഗ്യവകുപ്പുമായി ബന്ധപ്പെട്ട് ഏത് സമയവും വൈദ്യസഹായവും പ്രഥമ ശുശ്രൂഷയും കിട്ടുന്നതിന് വേണ്ട ഏർപ്പാടുകൾ ചെയ്യണം. കുട്ടികളുടെ താമസസ്ഥലത്തും മത്സരങ്ങൾ നടക്കുന്ന സ്ഥലത്തും, ഭക്ഷണശാലയിലും ശുചീകരണത്തിനും വേണ്ട ഏർപ്പാടുകൾ

ചെയ്യണം. ഇക്കാര്യത്തിൽ ബന്ധപ്പെട്ട മുനിസിപ്പാലിറ്റി/കോർപ്പറേഷൻ/ഗ്രാമപഞ്ചായത്തിന്റെ സഹകരണം തേടാവുന്നതാണ്.

### ജി) രജിസ്ട്രേഷൻ കമ്മിറ്റി

ചുമതലകൾ:

1. വിവിധ കോളേജുകളിൽ നിന്നു വരുന്ന സംഘങ്ങളെ രജിസ്റ്റർ ചെയ്യുകയും അവരെ

അക്കൊമൊഡേഷൻ സമിതിക്ക് ഏൽപ്പിച്ച് കൊടുക്കുകയും ചെയ്യുക.

2. അതത് സമയം ആവശ്യമായ ഭക്ഷണകൂപ്പണുകൾ സംഘനേതാക്കൾക്കു നൽകുക.

3. ബാഡ്ജുകളും രജിസ്ട്രേഷൻ കാർഡുകളും തയ്യാറാക്കി വിതരണം ചെയ്യുക.

4. മുൻവർഷം ലഭിച്ച ട്രോഫികൾ തിരിച്ചു നൽകിയതിന്റെ സർട്ടിഫിക്കറ്റ് ട്രോഫി കമ്മിറ്റി

കൺവീനറിൽ നിന്നും വാങ്ങി ടിം മാനേജർ രജിസ്ട്രേഷൻ സമയത്ത് ഹാജരാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

### എച്ച്) അക്കൊമൊഡേഷൻ കമ്മിറ്റി

ചുമതലകൾ:

ഈ കമ്മിറ്റി രജിസ്ട്രേഷൻ കമ്മിറ്റിയുമായി സഹകരിച്ചു പ്രവർത്തിക്കേണ്ടതാണ്. വിവിധ കോളേജുകളിൽ നിന്നു വരുന്നവർക്ക് താമസസ്ഥലം നിശ്ചയിച്ച് സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

2. വെള്ളം, വെളിച്ചം, കുളിമുറി, കക്കൂസുകൾ എന്നിവ വിദ്യാർത്ഥികൾ താമസിക്കുന്ന സ്ഥലത്ത് ആവശ്യാനുസരണം ഏർപ്പെടുത്തണം. വെള്ളത്തിന്റെ സുഗമമായ ലഭ്യതക്കും താൽക്കാലിക ജലവിതരണത്തിനും വൈദ്യുതി തടസ്സം കൂടാതെ ലഭിക്കുന്നതിനും പ്രത്യേക ക്രമീകരണങ്ങൾ ക്യാമ്പുകളിൽ ചെയ്യേണ്ടതാണ്.

ഐ) ട്രാൻസ്പോർട്ട് കമ്മിറ്റി

ചുമതലകൾ: കോളേജുകളിൽ നിന്നും വരുന്ന സംഘങ്ങൾക്കും ജഡ്ജിമാർക്കും അതിഥികൾക്കും ആവശ്യമായ വാഹനങ്ങൾ ഏർപ്പെടുത്തുക. റെയിൽവേ സ്റ്റേറ്റ് ട്രാൻസ്പോർട്ട്, പൊതുസർവീസ് നടത്തുന്ന പ്രൈവറ്റ് ബസ്സ് ഉടമകൾ തുടങ്ങിയവരെ സമീപിച്ച് മത്സര സ്ഥലത്തേക്കും അവിടെ നിന്ന് തിരികെയും പ്രത്യേക സർവ്വീസുകൾ നടത്തിക്കുവാൻ ശ്രദ്ധിക്കുക. ജഡ്ജിമാരുടെ ആവശ്യത്തിന് വേണ്ടി വരുന്ന വാഹനങ്ങൾ ക്രമീകരിക്കുക.

ജെ) ട്രോഫി കമ്മിറ്റി

ചുമതലകൾ:

1. മുൻവർഷം വിതരണം ചെയ്ത ട്രോഫികൾ കാലേക്കൂട്ടി വിവിധ കോളേജുകളിൽ

നിന്നും ശേഖരിക്കുക.

2. ട്രോഫികൾക്കു കേടുപാടുകൾ പറ്റിയിട്ടുണ്ടെങ്കിൽ അതു നന്നാക്കുകയും പോളിഷ് ചെയ്ത് വൃത്തിയാക്കുകയും ചെയ്യുക.

3. ഓരോ ദിവസവും കമ്മിറ്റി നൽകുന്ന സമ്മാനവിവരപ്പട്ടിക അനുസരിച്ച് ട്രോഫികളും സർട്ടിഫിക്കറ്റുകളും ക്രമത്തിൽ അടുക്കി വയ്ക്കുകയും അവ അതത് ദിവസം തന്നെ പ്രധാനവേദിയിൽ വെച്ച് വിതരണം നടത്തുകയും ചെയ്യുക. സമാപന ചടങ്ങിലേക്ക് മുൻദിവസങ്ങളിലെ ട്രോഫികളും സർട്ടിഫിക്കറ്റുകളും വിതരണത്തിന് മാറ്റി വയ്ക്കേണ്ടതില്ല.

4. ട്രോഫികൾ സ്വീകരിച്ചതിന് തെളിവായി ടീം മാനേജരെക്കൊണ്ട് ട്രോഫി രജിസ്റ്ററിൽ

ഒപ്പ് വയ്പ്പിക്കാൻ വേണ്ട ക്രമീകരണം ചെയ്യുക.

5. കലോത്സവത്തിന്റെ സമാപന ചടങ്ങിൽ വച്ച് ഓവറോൾ ചാമ്പ്യൻഷിപ്പുകളും അവയുടെ സർട്ടിഫിക്കറ്റുകളും പ്രത്യേക സമ്മാനങ്ങളും വിതരണം ചെയ്യുന്നതിന് ക്രമീകരണം ചെയ്യുക

6. ട്രോഫി രജിസ്റ്റർ പൂർത്തിയാക്കി കലോത്സവം കഴിഞ്ഞ ഉടൻ തന്നെ ജനറൽ

കൺവീനറെ ഏൽപ്പിക്കേണ്ടതാണ്

7. എവർറോളിംഗ് ട്രോഫികളുടെ/ഷീൽഡുകളുടെ കാലാവധി പത്തു വർഷമായിരിക്കും

കെ) സ്റ്റേജ് ആന്റ് പന്തൽ കമ്മിറ്റി

ചുമതലകൾ:

1. പ്രോഗ്രാം കമ്മിറ്റിയുമായി ആലോചിച്ച് ആവശ്യമായ സ്റ്റേജുകൾ, ഗ്രീൻ റൂമുകൾ, കർട്ടൺ എന്നിവയും ഗ്രീൻ റൂമുകളിൽ വാഷ് ബേസിനുകൾ എന്നിവ സ്ഥാപിച്ച് വെള്ളം എത്തിക്കുക. ഭക്ഷണം പാകം ചെയ്യുന്നതിനും വിതരണത്തിനും പന്തലുകൾ സജ്ജീകരിക്കുക. സ്റ്റേജിനോടനുബന്ധമായി പക്കമേളക്കാർക്ക് പ്രത്യേകം ഇരിപ്പിടം ക്രമീകരിക്കുക.

2. പന്തലുകൾ നിർമ്മിക്കുകയും മോടിപിടിപ്പിക്കുകയും ചെയ്യുക.

3. വേണ്ട രീതിയിൽ ഇരിപ്പിടങ്ങൾ ക്രമീകരിക്കുക. സ്ത്രീകൾക്കും കുട്ടികൾക്കും പുരുഷൻമാർക്കും സൗകര്യപ്രദമായ രീതിയിൽ ഇരിപ്പിടം ഒരുക്കണം. ജഡ്ജിമാരുടെ ഇരിപ്പിടങ്ങൾ പ്രത്യേകം വേർതിരിച്ച സ്ഥലത്തായിരിക്കണം.

4. പന്തലുകൾ ഇൻഷ്വർ ചെയ്യുകയും അഗ്നിശമന സേനയുടെ സേവനം ഉറപ്പാക്കുകയും

ചെയ്യുക.

5. വേദികളുടെ ഉറപ്പിന് പൊതുമരാമത്ത് വകുപ്പിൽ നിന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റ്

വാങ്ങുക.

6. പ്രധാന വേദികളും പ്രോഗ്രാം കമ്മിറ്റി റൂം ജഡ്ജിമാരെ വിന്യസിപ്പിക്കുന്ന ഓഫീസ്, മീഡിയാ സെന്റർ എന്നിവയുമായി ബന്ധിച്ചുളള ടെലിഫോൺ സംവിധാനം

ഏർപ്പെടുത്തുക.

7. സ്റ്റേജിലേക്ക് ആവശ്യമായ ഫർണ്ണിച്ചർ യഥാസമയം ലഭ്യമാക്കുക.

8. സ്റ്റേജുകളിൽ ആവശ്യമായ ബാനറുകൾ, സ്റ്റേജ് നമ്പറുകൾ എന്നിവ എഴുതി

പ്രദർശിപ്പിക്കുക.

എൽ) ലൈറ്റ് ആന്റ് സൗണ്ട്

ചുമതലകൾ:

1. പന്തലുകളിലും വേദികളിലും റൂമിലും താമസസ്ഥലങ്ങളിലും പാചകപ്പുരയിലും വിവിധ ഓഫീസുകളിലും മീഡിയാ സെന്ററുകളിലും വെളിച്ചം ലഭിക്കാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുക

2. വേദികളിൽ ആവശ്യത്തിന് പ്ലഗ് പോയിന്റ്, ആവശ്യത്തിനുളള ലീഡുകൾ, മൈക്ക്

ഉൾപ്പെടെയുളള ക്രമീകരണങ്ങൾ എന്നിവ സജ്ജീകരിക്കുക.

3. വൈദ്യുതി ഇല്ലാതെ വന്നാൽ ഉപയോഗിക്കാനായി ജനറേറ്റർ സജ്ജമാക്കുക. 4. ഭക്ഷണകമ്മിറ്റിക്കും ട്രാൻസ്പോർട്ടുകമ്മിറ്റിക്കും രജിസ്ട്രേഷൻ കമ്മിറ്റിക്കും

പബ്ലിസിറ്റി കമ്മിറ്റിക്കും വേണ്ട് മൈക്ക് സൗകെര്യങ്ങൾ സജ്ജീകരിക്കുക. 5. വേദിയിൽ യാതൊരാക്ഷേപത്തിനും ഇടവരാത്ത വിധമുളള സൗണ്ട് സിസ്റ്റം

ക്രമീകരിക്കുക.

എം. സുവനീർ കമ്മിറ്റി

ചുമതലകൾ

1. കലോത്സവത്തോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന സുവനീറിനാവശ്യമായ ലേഖനങ്ങൾ, ഫോട്ടോകൾ തുടങ്ങിയവ സംഘാടക സമിതിയുടെ അനുമതിയോടെ ശേഖരിക്കുക.

2. സുവനീർ ഭംഗിയായി സംവിധാനം ചെയ്ത് അച്ചടിപ്പിച്ച് കലോത്സവത്തിന്റെ

സമാപനസമ്മേളനത്തിൽ തന്നെ പ്രകാശനം ചെയ്യുന്നതിന് ക്രമീകരണങ്ങൾ ചെയ്യുക

3. പരസ്യങ്ങൾ ജനറൽ കൺവീനറുടെ അംഗീകാരത്തോടുകൂടി മാത്രമേ ശേഖരിക്കാൻ പാടുള്ളൂ. താരിഫ് പ്രകാരം ലഭിക്കുന്ന തുക സ്വീകരിക്കുക. പ്രസിദ്ധീകരണത്തിന്റെ ചെലവുകൾ വഹിക്കുക.

4. കലോത്സവം കഴിഞ്ഞ് ഒരു മാസത്തിനകം സുവനീർ സംബന്ധമായ കണക്കുകൾ

പൂർത്തീകരിക്കുക.

എൻ) ധനകാര്യ കമ്മിറ്റി

ഘടന

മറ്റംഗങ്ങളെ കൂടാതെ താഴെ പറയുന്നവർ ധനകാര്യ കമ്മിറ്റിയിൽ സ്ഥിരാംഗങ്ങളായിരിക്കും.

1. ജനറൽ കൺവീനർ

2. ട്രഷറർ

3. ജനറൽ സെക്രട്ടറി, ആൾ കേരളാ പോളിടെക്നിക്ക് കേളേജ് സ്റ്റുഡന്റ്സ് യൂണിയൻ

ചുമതലകൾ:

34. വിവിധ കമ്മിറ്റികൾ സമർപ്പിക്കുന്ന ബഡ്ജറ്റ് വിശദമായി ചർച്ച ചെയ്ത് ഫിനാൻസ് കമ്മിറ്റിയുടെ ശുപാർശയോടെ സംഘാടക കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുക

35. മുൻകൂട്ടി കാണാൻ കഴിയാത്ത ചെലവുകൾക്ക് അടിയന്തിരമായി അംഗീകാരം നൽകുക.

3. വൈദ്യുതി ഇല്ലാതെ വന്നാൽ ഉപയോഗിക്കാനായി ജനറേറ്റർ സജ്ജമാക്കുക. 4. ഭക്ഷണകമ്മിറ്റിക്കും ട്രാൻസ്പോർട്ടുകമ്മിറ്റിക്കും രജിസ്ട്രേഷൻ കമ്മിറ്റിക്കും

പബ്ലിസിറ്റി കമ്മിറ്റിക്കും വേണ്ട് മൈക്ക് സൗകെര്യങ്ങൾ സജ്ജീകരിക്കുക. 5. വേദിയിൽ യാതൊരാക്ഷേപത്തിനും ഇടവരാത്ത വിധമുളള സൗണ്ട് സിസ്റ്റം

ക്രമീകരിക്കുക.

## എം. സുവനീർ കമ്മിറ്റി

ചുമതലകൾ

1. കലോത്സവത്തോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന സുവനീറിനാവശ്യമായ ലേഖനങ്ങൾ, ഫോട്ടോകൾ തുടങ്ങിയവ സംഘാടക സമിതിയുടെ അനുമതിയോടെ ശേഖരിക്കുക.

2. സുവനീർ ഭംഗിയായി സംവിധാനം ചെയ്ത് അച്ചടിപ്പിച്ച് കലോത്സവത്തിന്റെ

സമാപനസമ്മേളനത്തിൽ തന്നെ പ്രകാശനം ചെയ്യുന്നതിന് ക്രമീകരണങ്ങൾ ചെയ്യുക

3. പരസ്യങ്ങൾ ജനറൽ കൺവീനറുടെ അംഗീകാരത്തോടുകൂടി മാത്രമേ ശേഖരിക്കാൻ പാടുള്ളൂ. താരിഫ് പ്രകാരം ലഭിക്കുന്ന തുക സ്വീകരിക്കുക. പ്രസിദ്ധീകരണത്തിന്റെ ചെലവുകൾ വഹിക്കുക.

4. കലോത്സവം കഴിഞ്ഞ് ഒരു മാസത്തിനകം സുവനീർ സംബന്ധമായ കണക്കുകൾ

പൂർത്തീകരിക്കുക.

## എൻ) ധനകാര്യ കമ്മിറ്റി

ഘടന

മറ്റംഗങ്ങളെ കൂടാതെ താഴെ പറയുന്നവർ ധനകാര്യ കമ്മിറ്റിയിൽ സ്ഥിരാംഗങ്ങളായിരിക്കും.

1. ജനറൽ കൺവീനർ

2. ട്രഷറർ

3. ജനറൽ സെക്രട്ടറി, ആൾ കേരളാ പോളിടെക്നിക്ക് കേളേജ് സ്റ്റുഡന്റ്സ് യൂണിയൻ

ചുമതലകൾ:

34. വിവിധ കമ്മിറ്റികൾ സമർപ്പിക്കുന്ന ബഡ്ജറ്റ് വിശദമായി ചർച്ച ചെയ്ത് ഫിനാൻസ് കമ്മിറ്റിയുടെ ശുപാർശയോടെ സംഘാടക കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുക

35. മുൻകൂട്ടി കാണാൻ കഴിയാത്ത ചെലവുകൾക്ക് അടിയന്തിരമായി അംഗീകാരം നൽകുക.

(പിന്നീട് സംഘാടക സമിതിയുടെ അംഗീകാരം തേടണം)

36.

കലോത്സവം കഴിഞ്ഞാൽ വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് സമർപ്പിക്കുന്നതിന് ജനറൽ കൺവീനറെ സഹായിക്കുക. വിവിധ സബ്കമ്മിറ്റികളുടെ കൺവീനർമാരും ട്രഷററും ധനകാര്യകമ്മിറ്റിയുടെ കൺവീനറും ചേർന്നുവേണം ഇത് ചെയ്യുവാൻ

37. ഓഡിറ്റ് ചെയ്ത കണക്കുകൾ സംഘാടകസമിതിയിൽ സമർപ്പിച്ച് അംഗീകാരം നേടുക. കലോത്സവം കഴിഞ്ഞ് ഒരു മാസത്തിനകം കണക്കുകൾ സംഘാടകസമിതിയിൽ സമർപ്പിച്ചിരിക്കണം. ജനറൽ കൺവീനറുടെയും ട്രഷററുടെയും ചുമതലയാണിത്.

38. സംഘാടക സമിതിയുടെ അംഗീകാരത്തിന് വിധേയമായി വിഭവങ്ങൾ സംഭാവനയായി സ്വീകരിക്കുന്നതിന് കമ്മിറ്റിക്ക് അധികാരം ഉണ്ടായിരിക്കും. ഇതിന് ഒരു പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുകയും ജനറൽ കൺവീനർ അത് സാക്ഷ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

39. ഫണ്ട് സ്വരൂപിക്കുന്നതിന് മുൻവർഷ കലോത്സവം നടന്ന അന്നത്തെ പ്രിൻസിപ്പാൾ തീരുമാനം അനുസരിച്ച് എല്ലാ കോളേജുകളിലേയും വിദ്യാർത്ഥികളിൽ നിന്നുള്ള ഒരു നിശ്ചിത തുക വിദ്യാർത്ഥി കോൺട്രിബ്യൂഷനായും (പി.ടി.എ ഫണ്ടിൽ നിന്നും എടുക്കാവുന്നതാണ്). കോളേജ് കോൺട്രിബ്യൂഷൻ എൻഡോവ്മെന്റ് മുഖാന്തിരം ഉള്ള ഫണ്ട് സ്വരൂപിക്കൽ എന്നിവയാണ്.

40. സംസ്ഥാന കലോത്സവത്തിന്റെ കണക്കുകൾ കലോത്സവം കഴിഞ്ഞ് ഒരു മാസത്തിലകം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ നിശ്ചയിക്കുന്ന ചാർട്ടേഡ് അക്കൌണ്ടന്റിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിച്ച് ജനറൽ കൺവീനർ സംഘാടകസമിതിയിൽ സമർപ്പിച്ച് അംഗീകാരം വാങ്ങുക ആവശ്യമെന്നുകണ്ടാൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് ഡിപ്പാർട്ട്മെന്റ് ഓഡിറ്റിന് ഉത്തരവ് നൽകാവുന്നതാണ്. ഇപ്രകാരമുള്ള ഓഡിറ്റും അതിന്റെ നടപടികളും മൂന്ന് മാസത്തിനകം പൂർത്തിയാക്കേണ്ടതാണ്.

ഒ) ഘോഷയാത്രാ കമ്മിറ്റി

ചുമതലകൾ:

സംസ്ഥാനതല കലോത്സവം മോടിപിടിപ്പിക്കുന്നതിനും ഉത്സവം നടക്കുന്ന കേന്ദ്രത്തിൽ ഉത്സവ പ്രതീതി ജനിപ്പിക്കുന്നതിനും പൊതുജനങ്ങൾക്ക് കലോത്സവത്തിനുള്ള താല്പര്യം വളർത്തുന്നതിനും ഉതകത്തക്കവിധം ഘോഷയാത്രാ സംഘടിപ്പിക്കുക.

പി) അപ്പീൽ കമ്മിറ്റി

1) കോളേജ് അപ്പീൽ കമ്മിറ്റി

1) കോളേജ് മത്സരത്തിലെ വിധി നിർണ്ണയത്തിലെ പരാതികൾ ഉണ്ടെങ്കിൽ കേൾക്കാനും തീർപ്പുകൽപ്പിക്കുന്നതിനുമായി കോളേജ് പ്രിൻസിപ്പാൾ അദ്ധ്യക്ഷനായി കോളേജിലെ വകുപ്പുതലവൻമാർ, മറ്റു വിദഗ്ദ്ധർ എന്നിവരടങ്ങുന്ന 5 പേരിൽ കുറയാത്ത കമ്മിറ്റി പ്രിൻസിപ്പാൾ രൂപീകരിക്കേണ്ടതാണ്.

2) ഫലം പ്രഖ്യാപിച്ച് ഒരു മണിക്കൂറിനകം 250 രൂപ ഫീസ് സഹിതം പരാതികൾ അനുബന്ധം 2ൽ കൊടുത്തിരിക്കുന്ന ഫോറത്തിൽ കോളേജ് പ്രിൻസിപ്പാളിന് മത്സരാർത്ഥി നൽകേണ്ടതാണ്. അപ്പീൽ തീർപ്പ് അനുകൂലമായാൽ അപ്പീൽ ഫീസ് മുഴുവൻ തിരിച്ചു നൽകുന്നതാണ്. അനുകൂലമല്ലെങ്കിൽ ടി തുക മേളയുടെ സംഘാടക സമിതിക്ക് കൈമാറേണ്ടതാണ്.

3) പരാതികൾ അപ്പീൽ കമ്മിറ്റി വിശദമായി പരിശോധിച്ച് അന്നേ ദിവസം തന്നെ

തീരുമാനം എടുക്കണം. തീരുമാനം ബന്ധപ്പെട്ടവരെ രേഖാമൂലം അറിയിക്കേണ്ടതാണ്.

2)സംസ്ഥാനതല അപ്പീൽ കമ്മിറ്റി

1) സംസ്ഥാനതല കലോത്സവ മത്സരങ്ങളുടെ വിധി നിർണ്ണയത്തിനെതിരെയുള്ള

പരാതി കേൾക്കുന്നതിനും തീർപ്പു കൽപ്പിക്കുന്നതിനുമായി സാങ്കേതിക വിദ്യാഭ്യാസ ജോയിന്റ് ഡയറക്ടർ ചെയർമാനും പ്രിൻസിപ്പാൾമാർ മറ്റു ഡിപ്പാർട്ടുമെന്റിലെ സീനിയർ ഉദ്യോഗസ്ഥർ എന്നിവർക്കു പുറമേ അപ്പീൽ കമ്മിറ്റിയിൽ വിവിധ കലാരംഗത്ത് പ്രാവീണ്യമുള്ള പ്രശസ്തരായ കലാകാരൻമാരെ ജനറൽ കൺവീനർ നിയമിക്കേണ്ടതാണ്. താഴെപ്പറയുന്ന കലാരംഗങ്ങളിൽ പ്രവർത്തിക്കുന്ന പ്രശസ്തരായ കലാകാരൻമാരെ ജനറൽ കൺവീനർ മെമ്പർമാരായി അവരുടെ സമ്മതത്തോടെ നാമനിർദ്ദേശം ചെയ്യണം.

അപ്പീൽ കമ്മിറ്റിയിൽ ചെയർമാൻ ഉൾപ്പെടെ 11 അംഗങ്ങൾ ഉണ്ടായിരിക്കണം.

1) ശാസ്ത്രീയ നൃത്തത്തിൽ വിദഗ്ദൻ/വിദഗ്ദ

2) ശാസ്ത്രീയ ലളിത സംഗീതത്തിൽ വിദഗ്ദൻ/വിദഗ്ദ

3) മാപ്പിളകലകളിൽ വിദഗ്ദൻ/വിദഗ്ദ

4) ഉപകരണസംഗീത്തിൽ വിദഗ്ദൻ/വിദഗ്ദ

5) ചിത്രകലയിൽ വിദഗ്ദൻ/വിദഗ്ദ

6) താളവാദ്യത്തിൽ വിദഗ്ദൻ/വിദഗ്ദ

7) ഭാഷാസാഹിത്യത്തിൽ വിദഗ്ദൻ/വിദഗ്ദ

8) അഭിനയകലകളിൽ വിദഗ്ദൻ/വിദഗ്ദ

2) അപ്പീൽ കമ്മിറ്റി രൂപീകരിച്ചുകൊണ്ടുള്ള ഔദ്യോഗിക ഉത്തരവ് ജനറൽ കൺവീനർ പുറപ്പെടുവിക്കേണ്ടതാണ്. മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിദഗ്ദർക്കു പുറമേ ഏതെങ്കിലും വിഭാഗത്തിൽ വിധി നിർണ്ണയത്തിന് വിദഗ്ദരുടെ സേവനം ആവശ്യമായി വരുകയാണെങ്കിൽ അവരെ ഉൾപ്പെടുത്തുന്നതിന് ചെയർമാന് അധികാരമുണ്ടായിരിക്കും.

3) ലഭിക്കുന്ന പരാതികളുടെ ഉള്ളടക്കം പരിശോധിച്ച് നടപടിയെടുക്കുവാനും വീണ്ടും വിധി പ്രഖ്യാപിക്കുവാനും അപ്പീൽ കമ്മിറ്റിക്ക് അധികാരമുണ്ടായിരിക്കും. ഇക്കാര്യത്തിൽ അപ്പീൽ കമ്മിറ്റിയുടെ വിധി അന്തിമമായിരിക്കും.

4) അപ്പീൽ പരിശോധിച്ച് അനുവദിച്ചാൽ മാത്രമേ പരാതിക്കാരന് തുക തിരികെ ലഭിക്കുകയുള്ളൂ. അല്ലാത്ത പക്ഷം ഈ തുക കലോത്സവ ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതാണ്.

5) അപ്പീൽ കമ്മിറ്റി അംഗങ്ങളുടെ ബയോഡാറ്റ ചെയർമാൻ വാങ്ങി സൂക്ഷിക്കേണ്ടതാണ്.

6) അപ്പീൽ കമ്മിറ്റി അംഗങ്ങളായി നിയമിക്കപ്പെടുന്നവർ മാനുവലിൽ പറയുന്ന

സത്യപ്രസ്താവന അനുബന്ധം 6ൽ ചെയർമാന് നൽകേണ്ടതാണ്.

7) സംസ്ഥാനതല മത്സരഫലം പ്രഖ്യാപിച്ച് ഒരു മണിക്കൂറിനകം 1000/ രൂപ ഫീസ് സഹിതം അനുബന്ധം 4ൽ കൊടുത്തിരിക്കുന്ന ഫോറത്തിൽ പരാതികൾ തയ്യാറാക്കി ഒപ്പിട്ട് അപ്പീൽ കമ്മിറ്റി ചെയർമാന് മത്സരാർത്ഥി/ടീം മാനേജർ നൽകേണ്ടതാണ്. അപ്പീൽ തീർപ്പ് അനുകൂലമായാൽ അപ്പീൽ ഫീസ് മുഴുവൻ തിരിച്ചുനൽകുന്നതാണ്.

8) സംസ്ഥാനതല അപ്പീൽ കമ്മിറ്റി സാങ്കേതികവും നിയമപരവുമായ കാര്യങ്ങൾ മാത്രം പരിഗണിച്ച് വിശകലനം ചെയ്യേണ്ടതും കാര്യ കാരണ സഹിതം വിശദമായ നടപടി ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്.

9) പരാതികൾ അപ്പീൽ കമ്മിറ്റി വിശദമായി പരിശോധിച്ച് തീരുമാനം എടുക്കണം.

തീരുമാനം ബന്ധപ്പെട്ടവരെ രേഖാമൂലം അറിയിക്കേണ്ടതാണ്.

10) അപ്പീൽ കമ്മിറ്റിയുടെ മിനിറ്റ്സ് ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

11) അപ്പീൽ സമർപ്പിച്ചിട്ടുള്ള പരാതികളിൽ വിധി നിർണ്ണയത്തെ സംബന്ധിച്ച് താഴെ പറയുന്ന കാര്യങ്ങൾ പരിശോധനക്ക് വിധേയമാക്കേണ്ടതാണ്. സാധാരണ പരാതിയിൽ 3 വിധികർത്താക്കളും നൽകിയ മാർക്കുകൾ തമ്മിൽ 10 ൽ അധികം വ്യത്യാസമുണ്ടെങ്കിൽ ഏറ്റവും ഉയർന്നതോ (അതാതിന്റെ സ്വഭാവമനുസരിച്ച് ആയ മാർക്ക് കണക്കിലെടുക്കേണ്ടതില്ല. മറിച്ച് 10 ൽ അധികം വ്യത്യാസം വരാത്ത മാർക്കുകളുടെ ശരാശരി എടുക്കേണ്ടതാണ്. എന്നാൽ 3 മാർക്കുകളും തമ്മിൽ 10 വ്യത്യാസം കാണുകയാണെങ്കിൽ ഏറ്റവും കുറവ് വ്യത്യാസമുള്ള രണ്ടു മാർക്കുകൾ എടുത്ത് ശരാശരി കാണേണ്ടതാണ്.

1.) Arjun.K
Interpoly Union Chairman

2) Pryin Prasad
Interpoly Union General Secratary

3. V.V. Ray, Principal, GPC, Ezhukone
Treasurer, Interpoly Union.

4. Sebastian Thomas, principal SN poly Kanhangad.
Staff advisor, Interpoly union.